# ഗവ:ഹയർസെക്കന്ററി സ്ക്കൂൾ അഞ്ചേരി
# (ഹൈസ്ക്കൂൾ വിഭാഗം)

## അക്കാദമിക മാസ്റ്റർപ്ലാൻ
2018



# ഉള്ളടക്കം


- ആമുഖം
- സ്ക്കൂൾ ചരിത്രം ലഘുരൂപത്തിൽ
- വെല്ലുവിളികൾ
- പദ്ധാതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ
- നിലവിലെ അവസ്ഥ
- മികവുകൾ
- അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നതിന്റ മുഖ്യ ലക്ഷ്യങ്ങൾ
- മലയാളഭാഷാശേഷി വികസനം
- English – Master plan
- ഉപമേഖല – ഹിന്ദി
- സാമൂഹ്യശാസ്ത്രം – പഠനലക്ഷ്യങ്ങൾ
- സയൻസ് ലാബ് ശാക്തീകരണം
- _ഗണിത പഠനം ലാബുകളിൽ
- ആർട് ഗാലറി
- വിവിധ സ്ക്കൂൾതല ക്ലബുകൾ
- കലാ പഠനം
- കായിക പഠനം
- വിമുക്തി
- സർഗ്ഗ ച്യമർ
- സ്ക്കൂൾ ലൈബ്രറി
- **ടാലന്റ് ലാബ്**
- ഊർജ്ജസംരക്ഷണം
- ജൈവ വൈവിധ്യ ഉദ്യാനം
- കൗൺസിലിംഗ്
- സാമൂഹികം
- ദിനാചരണങ്ങൾ
- ഭിന്നശേഷിക്കാരെ ഉൾക്കൊള്ളിച്ചുള്ള വിദ്യാഭ്യാസത്തിനുള്ള പദ്ധാതികൾ
- ഉച്ചഭക്ഷണം
- നിർമ്മാണ പ്രവർത്തനങ്ങൾ

| | | |
|---|---|---|
| **വിദ്യാലയത്തിന്റെ പേര്** | : | **ഗവ. ഹയർ സെക്കന്ററി സ്കൂൾ അഞ്ചേരി** |
| വിലാസം | : | അഞ്ചേരി പി .ഒ ,തൃശ്ശൂർ 680006 |
| ഫോൺ നമ്പർ | : | 0487-2251299 |
| വിദ്യാഭ്യാസ ജില്ല | : | തൃശ്ശൂർ ഈസ്റ്റ് |
| വിദ്യാഭ്യാസ ഉപജില്ല | : | തൃശ്ശൂർ |
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| യു ആർ സി | : | തൃശ്ശൂർ |
| കോർപറേഷൻ | : | തൃശ്ശൂർ |
| നിയമസഭാ മണ്ഡലം | : | ഒല്ലൂർ |
| ലോക സഭാ മണ്ഡലം | : | തൃശ്ശൂർ |
| താലൂക്ക് | : | തൃശ്ശൂർ |
| വില്ലേജ് | : | ഒല്ലൂർ |
| ഇ മെയിൽ | : | ghssanchery@gmail.com |
| ബ്ളോഗ് | : | www.ghssanchery.blogs ആമുഖംpot.in |

# ആമുഖം

പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താനും പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കാനും നിരവധി പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ക്ലാസ്സ്മുറികൾ ഇന്റർനെറ്റ് കണക്റ്റിവിറ്റിയോടെ ഹൈടെക് ആക്കി മാറ്റുക, മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ് വിദ്യാഭ്യാസം ശക്തിപ്പെടുത്തുക, ഇതര ഭാഷാ പഠനത്തിനും തുല്യതയും ഗുണവും ഉറപ്പാക്കുക,കുട്ടികളിൽ പാരിസ്ഥിതിക ബോധം വളർത്തുക, ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ വിവിധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക,തുടങ്ങിയ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തെ മുൻശ്രേണിയിലേക്കെത്തിക്കുകയാണ് ലക്ഷ്യം വയ്ക്കുന്നത്.
വിദ്യാലയപരിസരവും ക്ലാസ്സ്മുറികളും ആകർഷകവും ,അത്യാധുനികവുമാക്കി ,വിദ്യാർത്ഥികളിൽ ആത്മവിശ്വാസവും അഭിമാനബോധവും വളർത്തി രാജ്യാന്തര നിലവാരത്തിലേയ്ക്ക് അഞ്ചേരി സ്ക്കൂളിനെ ഉയർത്താൻ സഹായിക്കുന്ന ഈ പദ്ധതികൾ സാക്ഷാൽക്കരിക്കാനാകട്ടെ......

## <u>സ്ക്കൂൾ ചരിത്രം ലഘുരൂപത്തിൽ</u>

തൃശ്ശൂർ പട്ടണത്തിൽ നിന്ന് ഏകദേശം 4 കി മീ തെക്ക കിഴക്കായി സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് അഞ്ചേരി. മലയാള വർഷം 1085ാം ആണ്ടിൽ തെക്കൂട്ട് മഠത്തിൽ കുഞ്ഞൻ തിരുമുൽപ്പാട് തുടങ്ങിയ കുടിപള്ളിക്കൂടമാണ് പിന്നീട് അഞ്ചേരി ഗവ. സ്ക്കൂളായി മാറിയത്. 1921 –22 ൽ ആണ് സർക്കാർ ഈ സ്ക്കൂൾ ഏറ്റെടുത്തത്.

ആദ്യം ലോവർ പ്രൈമറി സ്ക്കൂളായി പ്രവർത്തിച്ചു. 1963 ൽ യു പി സ്ക്കൂളായി അപ്ഗ്രേഡ് ചെയ്തു. 1986 ൽ ഈ വിദ്യാലയം ഹൈസ്ക്കൂൾ ആയി ഉയർത്തി. 2004 ൽ ഹയർസെക്കന്ററി സ്ക്കൂളായി . സയൻസ്, കോമേഴ്സ് എന്നീ ഗ്രൂപ്പുകളാണ് അനുവദിച്ചിട്ടുള്ളത്. തൃശ്ശൂർ കോർപ്പറേഷനിൽ 24 –ാം ഡിവിഷനിൽ ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു. 2010– 11 ൽ എസ് എസ് എൽ സി വിജയശതമാനം 100 ആക്കി ഈ വിദ്യാലയം ചരിത്രം കുറിച്ചു. തൃശ്ശൂർ ഈസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ വികസനസമിതിയുടെ മികച്ച ഹൈസ്ക്കൂളിനുള്ള 2012–13 ലെ പുരസ്ക്കാരം ഈ വിദ്യാലയം കരസ്ഥമാക്കി. ആ വർഷം തന്നെ ജില്ലാ പി ടി എ നല്കുന്ന ബെസ്റ്റ് പി ടി എ അവാർഡ് രണ്ടാം സ്ഥാനം ലഭിച്ചു. 2013– 14 ൽ തൃശ്ശൂർ കോർപ്പറേഷൻ ഏർപ്പെടുത്തിയ പ്രഥമ ബെസ്റ്റ് പി ടി എ അവാർഡ് കരസ്ഥമാക്കി. 2016–17 വർഷത്തിൽ ശതാബ്ദി ആഘോഷിച്ച ഈ വിദ്യാലയം ആ വർഷവും 100 ശതമാനം നിലനിർത്തി. ശ്രീ കെ കെ രാജൻ (ഹെഡ്മാസ്റ്റർ), ശ്രീമതി. ഷെർളി കെ സി (പ്രിൻസിപ്പൾ) എന്നിവരാണ് ഈ വിദ്യാലയത്തിന്റെ ഇപ്പോഴത്തെ സാരഥികൾ.

## വെല്ലുവിളികൾ

ശതാബ്ദി ആഘോഷത്തോട് അനുബന്ധിച്ച പുതിയ കെട്ടിടം പണിതു തന്നിട്ടുണ്ടെങ്കിലും നിലവിൽ ഇപ്പോഴും മികവാർന്ന ക്ലാസ് റൂമുകളുടെ പോരായ്മയുണ്ട് .കളിസ്ഥലം ഇല്ലാത്തതു കുട്ടികളുടെ ശാരീരിക മാനസിക വളർച്ചക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട് .എപ്പോൾ കുട്ടികൾ കളിക്കുന്ന സ്ഥലത്തു എൽ പി യു പി ക്ലാസ് റൂമുകൾ നില നിൽക്കുന്നതിനാൽ അവിടെ കളിക്കുമ്പോൾ ചെറിയ കുട്ടികൾക്ക് പൊടിശല്യം മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നു.കളിക്കുന്ന കുട്ടികളുടെ ശബ്ദം പഠനത്തെയും ബാധിക്കുന്നു .വെള്ളത്തിന്റെ അഭാവം വലിയ തോതിലുള്ള ബുദ്ധിമുട്ടുകൾ ഉവ്വണ്ടാക്കാറുണ്ട് .

കുട്ടികളുടെ കുടുംബാന്തരീക്ഷം അസ്വസ്ഥതകൾ നിറഞ്ഞതായതിനാൽ അതവരുടെ ശാരീരിക മാനസിക വൈകാരിക വളർച്ചക്ക് തടസ്സം സൃഷ്ടിക്കുന്നു സുരക്ഷിതമല്ലാത്ത ചുറ്റുപാടുകൾ കുട്ടികളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നു. അതവരുടെ മൂല്യ ബോധത്തെയും ബാധിക്കുന്നു. ആരോഗ്യകരമായ ജീവിത വീക്ഷണം രൂപപ്പെടുന്നതിനു ഇത് വിഘാതമായി നിൽക്കുന്നു .രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം കുട്ടികൾ പഠന കാലത്ത് തന്നെ കാറ്ററിംഗ് ,കൊട്ട് എന്നീ തൊഴിലുകൾക്ക് പോകാൻ പ്രേരിതനാകുന്നു,ഇത് പഠനത്തെയും സ്വഭാവത്തെയും സാരമായി ബാധിക്കുന്നു .

വിവിധ മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. കുട്ടികൾക്ക് അധിക വായനയിലൂടെ പൊതു വിജ്ഞാനം വർധിപ്പിക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതുണ്ട്.കല മത്സരങ്ങളിൽ കഴിവുള്ള കുട്ടികൾ ഉണ്ടെങ്കിലും സാമ്പത്തിക പരാധീനത മൂലം മികച്ച പരിശീലനം നല്കാൻ സാധിക്കുന്നില്ല .

# പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

@ എസ് ആർ ജി യോഗത്തിൽ അഞ്ചേരി സ്കൂളിന്റെ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

@ വികസനാവശ്യങ്ങൾ ക്ലാസ് /വിഷയം അടിസ്ഥാനത്തിൽ അക്കാദമിക കരട് രൂപരേഖ തയ്യാറാക്കൽ.

@ കരട് രൂപ രേഖ SRG,SMC,MPTA, PTA ,OSA SDC ജന പ്രതിനിധി ,എന്നിവരടങ്ങിയ ശില്പ ശാലയിൽ അവതരിപ്പിക്കുന്നു.

@ ശില്പശാലയിൽ ഉയർന്നു വന്ന നിർദേശങ്ങൾ കൂട്ടി ചേർക്കൽ

@ പി ടി എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

## <u>നിലവിലെ അവസ്ഥ</u>

കുട്ടികളുടെ എണ്ണം

| 2017-18 അക്കാദമിക വർഷത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Class | I | | II | | III | | IV | | V | | VI | | VII | | VIII | | IX | | X | |
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| General | 6 | 5 | 6 | 5 | 6 | 4 | 4 | 3 | 13 | 10 | 15 | 7 | 14 | 10 | 20 | 15 | 27 | 18 | 24 | 18 |
| SC | 1 | 0 | 0 | 2 | 0 | 3 | 0 | 2 | 1 | 1 | 2 | 2 | 3 | 2 | 3 | 4 | 8 | 2 | 5 | 6 |
| Total | 7 | 5 | 6 | 7 | 6 | 7 | 4 | 5 | 14 | 11 | 17 | 9 | 17 | 12 | 23 | 19 | 35 | 20 | 29 | 24 |

TOTAL – 277

അദ്ധ്യാപകരുടെ എണ്ണം

LP – 4
UP – 4
HS – 8

# മികവുകൾ

* പഠനത്തോടൊപ്പം പ്രവൃത്തി പരിചയത്തിലും പരിശീലനം നൽകുന്നു
ചോക്ക് നിർമ്മാണം ,കുട നിർമ്മാണം ,ബുക്ക് ബൈൻഡിങ് കടലാസ് പൂക്കൾ നിർമ്മാണം ഇലക്ട്രിക്ക് വയറിങ് എന്നിവ പരിശീലിപ്പിക്കുന്നു

* അധ്യയന സമയത്തിന് ശേഷവും വർക് എക്സ്പീരിയൻസ് പിരിയഡും ഇതിനായി വിനിയോഗിക്കുന്നു ,ഉപജില്ലാ പ്രവൃത്തി പരിചയ മേളയിൽ യു പി വിഭാഗത്തിൽ കുട നിർമ്മാണത്തിലും ഇലക്ട്രിക്ക് വയറിങ്ങിലും ഫസ്റ്റ് A ഗ്രേഡ് ലഭിച്ചു

- ബാൻഡ് സെറ്റ് – താത്പര്യമുള്ള കുട്ടികളെ തിരഞ്ഞെടുത്ത് ആഴ്ചയിൽ ഒരു ദിവസം പരിശീലനം നൽകുന്നു.പ്രധാന ദിവസങ്ങളിൽ ബാൻഡ് മേളം നടത്തുന്നു.
- പത്രം – വിദ്യാർത്ഥികളുടെ രചനകളും സ്കൂൾ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറാക്കുന്നു.കുട്ടികളുടെ എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കുന്നു.അധ്യാപകരുടെ സഹായത്തോടെ വിഭവങ്ങൾ കണ്ടെത്തി സ്കൂളിലെ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ പത്രം തയ്യാറാക്കുന്നു.
- പതിപ്പുകൾ –എല്ലാ വിഷയങ്ങളിലും പതിപ്പ് തയ്യാറാക്കുന്നു.

- ഗൈഡ്സ് –വിദ്യാർത്ഥികളെ രാജ്യപുരസ്കാർ പരീക്ഷകൾക്ക് ഒരുക്കുന്നു.വിവിധ പ്രവർത്തനങ്ങളിലൂടെ മികച്ച വ്യക്തിത്വം വാർത്തെടുക്കുന്നു.
- റെഡ്ക്രോസ്–വിവിധ പ്രവർത്തനങ്ങളിലൂടെ മികച്ച വ്യക്തിത്വം വാർത്തെടുക്കുന്നു.
- തണൽ –പാലിയേറ്റീവ് കെയർ –കുട്ടികളിൽ സേവന മനോഭാവം വളർത്തുന്ന പരിപാടികൾ ആവിഷ്കരിക്കുന്നു.
- അഞ്ചേരി വാണി റേഡിയോ–എല്ലാ ദിവസവും ഉച്ചക്ക് റേഡിയോ നടത്തുന്നു.ക്ലാസ്സ് അടിസ്ഥാനത്തിൽ ചുമതലകൾ നൽകുന്നു.പ്രാദേശിക വാർത്തകളും സർഗ്ഗാത്മക പരിപാടികളും ഉൾപ്പെടുത്തുന്നു.

- കബഡി ഉപജില്ലാ തലത്തിൽ സമ്മാനം

- ബാലശാസ്ത്ര കോൺഗ്രസ് സ്റ്റേറ്റ് തലത്തിലേക്ക് സെലക്ഷൻ ലഭിച്ചു–സുസ്ഥിര വികസനം –ശാസ്ത്ര സാങ്കേതിക വിദ്യ വഴി എന്ന വിഷയത്തിൽ നിന്നും ശുചിത്വം ആരോഗ്യം പോഷകാഹാരം എന്ന ഉപ വിഷയമാണ് തിരഞ്ഞെടുത്തത് .ജില്ലാ തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട അഞ്ചു പ്രൊജെക്ട്കളിൽ ഗവെർണ്മെന്റ് മേഖലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏക വിദ്യാലയമാണ്അഞ്ചേരി സ്കൂൾ. അഞ്ചേരിയിലെ 27 ,28 വാർഡുകളിൽ സർവ്വേ നടത്തിയാണ് പ്രോജെക്ടിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചത് .സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കാനുള്ള അവസരം ലഭിച്ചു .

- ശതാബ്ദി മന്ദിരം –വിശാലമായ സയൻസ് ലാബ്,കമ്പ്യൂട്ടർ ലാബ് ,സ്മാർട്ട് റൂം ,ആകർഷകമായ ഓഫീസിൽ റൂം ,ക്ലാസ്റൂമുകൾ ഇവയോട് കൂടിയ ബഹുനില കെട്ടിടം കോർപറേഷന് ശതാബ്ദി സമ്മാനമായി നിർമ്മിച്ച് നൽകി

- ജൈവ വൈവിധ്യ ഉദ്യാനം –പരിമിതമായ സ്ഥല സൗകര്യത്തിനുള്ളിൽ നിന്ന് കൊണ്ട് കുട്ടികൾക്ക് കൃഷിയോടുള്ള ആഭിമുഖ്യവും ,പ്രകൃതി സ്നേഹവും വളർത്തുന്നതിനും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി ജൈവ വൈവിധ്യ ഉദ്യാനം പരിപാലിക്കുന്നു

- നഴ്സറി –ശിശു സൗഹൃദ പരമായ അന്തരീക്ഷത്തിൽ കുഞ്ഞുങ്ങൾക്ക് പഠന സൗകര്യം ഒരുക്കിയിരിക്കുന്നു.വിനോദത്തിനും വിജ്ഞത്തിനും ഒരു പോലെ പ്രാധാന്യം നൽകുന്നു. കളിയിലൂടെയുള്ള രസകരമായ പഠനമാണ് നടക്കുന്നത്.

- എസ് എസ് എൽ സി നൂറു ശതമാനം ജയം

- ബാലസഭ–എൽ പി വരെയുള്ള കുട്ടികളുടെ സർഗ്ഗ വാസനകൾ വളർത്തിയെടുക്കാൻ ബാലസഭ രൂപീകരിച്ചിരുന്നു.എല്ലാ ആഴ്ചകളിലും ബാലസഭാ കൂടുന്നു.വൈവിധ്യമേറിയതും മികവാർന്നതുമായ കല പരിപാടികൾ അവതരിപ്പിക്കുന്നു

- ഉപജില്ലാ തലത്തിൽ എൽ പി വിഭാഗം ശാസ്ത്രീയ സംഗീതം A ഗ്രേഡ്

- സ്കൂൾ ബസ്

- പാട്ട് ക്ളാസ്സ്

- രാത്രി കാല ക്ളാസ്സുകൾ–പത്താം ക്ലാസ്സിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി രാത്രികാല ക്ലാസുകൾ നടത്തുന്നു. ഓരോദിവസവും ഓരോ വിഷയങ്ങളിൽ അവർക്ക് ക്ലാസുകൾ നൽകുന്നു. അധ്യാപകരുടെയും പി ടി എ ഭാരവാഹികളുടെയും കൂട്ടായ ശ്രമത്തിലൂടെയാണ് ഇതു നടത്തുന്നത് .കുട്ടികൾക്ക് ലഘു ഭക്ഷണവും നൽകുന്നു.

➔ ഭവന സന്ദർശനം

➔ കളരി പരിശീലനം – ആഴ്ചയിൽ രണ്ട് ദിവസം പെൺ കുട്ടികൾക്ക് കളരി പരിശീലനം നൽകുന്നു.

➔ പച്ചക്കറി തോട്ടം

➔ കൗൺസലിങ്ങ് ക്ളാസ്സുകൾ

➔ മാസ്സ് ഡ്രിൽ

## അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നതിന്റെ മുഖ്യ ലക്ഷ്യങ്ങൾ

- മലയാളം, രാഷ്ട്രഭാഷ, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുക.
- സ്കൂൾ പഠനം പൂർത്തിയായ ഏതൊരു കുട്ടിക്കും അവന്റെ കഴിവിനും അഭിരുചിക്കും അനുസരിച്ച് ഒരു തൊഴിലെങ്കിലും നേടുവാൻ സ്വയം പ്രാപ്തമാക്കുക.
- കലാകായിക രംഗങ്ങളിൽ കുട്ടികളിലുള്ള അഭിരുചികൾ വളർത്തുക.
- കുട്ടികളിൽ പാരിസ്ഥിതികബോധം വളർത്തിയെടുക്കാൻ സ്കൂളന്തരീക്ഷം സംജാതമാക്കുക.
- ഭിന്നശേഷിക്ക് അനുയോജ്യമായ പഠനരീതികൾ ആവിഷ്കരിക്കുക.

## ഈ ലക്ഷ്യം നേടിയെടുക്കാൻ ആവശ്യമായ ഉപലക്ഷ്യങ്ങൾ

- ഭാഷാ പഠനം (ഇംഗ്ലീഷ്, ഹിന്ദി, മലയാളം)
- വായനശാല
- ലാബ് ശാക്തീകരണം
- കമ്പ്യൂട്ടർ വികസനം
- ജൈവവൈവിദ്ധ്യ ഉദ്യാനം
- ദിനാചരണങ്ങളും ആഘോഷങ്ങളും
- പ്രാദേശിക വിഭവഭൂപടരൂപീകരണം
- നിർമ്മാണ പ്രവർത്തനങ്ങൾ
- ടാലന്റ് ലാബ്
- വിമുക്തി
- ഊർജ്ജസംരക്ഷണം
- സേവനപ്രവർത്തനങ്ങൾ
- സർഗ്ഗ ചുമര്
- കലാകായികം
- ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ, കൗൺസിലിംഗ്, ഇതര വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രവർത്തനങ്ങൾ

## മലയാളഭാഷാശേഷി വികസനം

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും മാതൃഭാഷയിലുള്ള പ്രാവീണ്യം
- വായനാക്കൂട്ടം,എഴുത്തുക്കൂട്ടം
- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറിയെ പൊതുവായനശാലയായി ഉയർത്തൽ.
- സാഹിത്യ സമാജം, ശില്പശാലകൾ, സെമിനാറുകൾ, സിനിമാപ്രദർശനം.
- വായന എഴുത്ത്, സർഗ്ഗാത്മക പ്രവർത്തനങ്ങൾ എന്നിവയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പഠനതന്ത്രങ്ങൾ

ആവിഷ്കരിക്കുക.

- ദിനാചരണങ്ങൾ ,മാഗസിനുകൾ, ചുമർമാഗസിൻ, സംവാദങ്ങൾ, അഭിമുഖങ്ങൾ
- ഐ സി ടി എല്ലാ തലത്തിലും ഉപയോഗപ്പെടുത്തുക
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക

<u>പ്രവർത്തനങ്ങൾ</u>

- അക്ഷരത്തെറ്റില്ലാതെ ഭാഷ ഉപയോഗിയ്ക്കാനും, ചിഹ്നങ്ങളുടെ ഉപയാഗം മനസ്സിലാക്കാനും പ്രത്യേക ക്ലാസ്സ് ഐ സി ടി സഹായത്തോടെ ആവിഷ്കരിക്കുക
- അനുഭവആവിഷ്കാരം, യാത്രാവിവരണങ്ങൾ വായനാക്കുറിപ്പ് സമാഹാരം
- പുസ്തകപരിചയം , സാഹിത്യ കാരന്മാരുമായും നാടൻ കലാകാരന്മാരുമായുള്ള സംവാദം.
- ക്ലാസ്സ് ലൈബ്രറി, വായനാശാല അംഗത്വം
- പത്രവായന,വായനാ ക്വിസ്സ്.
- ഭിന്നശേഷിക്കാരെ പരിഗണിയ്ക്കൽ
- ലോക്ലാസ്സിക്ക് സിനിമകൾ പരിചയപ്പെടൽ, സിനിമാനിരൂപണങ്ങൾ തയ്യാറാക്കൽ.
- സർഗ്ഗാത്മകരചനകൾ ഉൾപ്പെടുത്തി ഡിജിറ്റൽ സമാഹാരം തയ്യാറാക്കൽ
- സ്ക്കൂളിന് സ്വന്തമായി പത്രം.അസംബ്ലിയിൽ പുസ്തക പരിചയം നടത്തുക .പത്ര വാർത്തകൾ വായിക്കുക. കവിതകൾ അനുഭവ കുറിപ്പ് ,മറ്റ് സർഗാത്മക രചനകൾ എന്നിവ അവതരിപ്പിക്കുക .

- വായനാ മത്സരം(ഭാവം ഉൾക്കൊണ്ട വ്യക്തതയോടെ വായിക്കാൻ മത്സരം )
- രചന ശില്പശാല സംഘടിപ്പിക്കൽ
- രചയിതാക്കളുമായി സംവദിക്കൽ
- ക്ലാസ് പി ടി എ യിൽ പുസ്തക പരിചയം

<u>പിന്തുണ</u>

- വിദ്യാലയത്തിന്റെ അഭ്യുദയകാംക്ഷികളിൽ നിന്ന് ലഭിയ്ക്കുന്ന സഹായം
- പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന്.
- പഞ്ചായത്ത് കോർപ്പറേഷൻഅസംബ്ലിയിൽ പുസ്തക പരിചയം നടത്തുക .പത്ര വാർത്തകൾ വായിക്കുക കവിതകൾ അനുഭവ കുറിപ്പ് ,മറ്റു സർഗാത്മക രചനകൾ എന്നിവ അവതരിപ്പിക്കുക

# English - Master plan

## Main Aims and Objectives :-

1. A student should acquire the ability to speak and communicate through English.

2. Enhancing communicative skill in English.

## Class Library

1. Giving more importance to class library

2. A book to every child (Project)

3. Encouraging reading habit

4. Encouraging the reading habits of parents also

5. Attractive arrangement of school library system

## Expenses

| | | |
|---|---|---|
| 1. Painting the walls | – | 5000 |
| 2. Placing photos | – | 10,000 |
| 3. Purchasing books | – | 25000 |
| 4. For Magazenes | – | 5000 |
| Total | – | 45000 |

Source of money through P.T.A, S.S.A and R.M.S.A

## Monitoring

Head master, S.R.G Convenor, Sub-Council Convenor, P.T.A / M.P.T.A members

## Empowerment of Library

1. Resource,reference,reading books.

2. Availability of books അസംബ്ലിയിൽ പുസ്തക പരിചയം നടത്തുക .പത്ര വാർത്തകൾ വായിക്കുക .കവിതകൾ അനുഭവ കുറിപ്പ് ,മറ്റ് സർഗാത്മക രചനകൾ എന്നിവ അവതരിപ്പിക്കുക.

3. Collection of books

Giving birthday gift to each student in the class

Preparing birthday calender

## System of introducing Bag library

A student should have a book in his/her bag.

Teachers,clubs,Students,Parents,other institutions can donate books.

Celebration of Reader's week, Exhibition, Seminars,Introducing new books, Conducting reading festivals.

Giving presents to the best reader in each class - preparing short notes on the books.

Construction of boards in the schools,.........School blog preparation........giving names to each blog.

Arranging and collecting _materials for newspaper from students and presenting it in the Assembly.

# ഉപമേഖല - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ കാര്യക്ഷമമാക്കൽ | ഹിന്ദി ഭാഷയിൽ അടിസ്ഥാന പാഠങ്ങൾ(അക്ഷരം വ്യാകരണം ) സ്വായത്തമാക്കൽ ചെറിയ സംഭാഷണങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാക്കാൻ ഡയറി കത്ത് പോസ്റ്റർ എന്നിവ നിർമ്മിക്കാനുള്ള പരിശീലനം നൽകൽ | ഒരു വർഷം | ഹിന്ദി അദ്ധ്യാപിക ,ഹിന്ദി ക്ലബ് |
| * ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | യു പി ക്ളാസ്സുകളിൽ ഹിന്ദി അക്ഷരം പഠിപ്പിക്കൽ (വർക് ഷീറ്റ് ) ഹിന്ദി അസ്സെംബ്ലി ക്ലാസ് തിരിച്ച് അവതരണം | മാസത്തിൽ ഒന്ന് വീതം | ഹിന്ദി ക്ലബ് |
| * ഹിന്ദി ഭാഷയിൽ മികവ് വളർത്തൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ,നാടകീകരണം ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | | |
| | ഹിന്ദി ഡോക്യുമെന്ററി കാണാനും വാർത്ത കേൾക്കാനുമുള്ള അവസരം ഹിന്ദി കവിതകൾ ഓഡിയോ കേൾക്കാനുള്ള അവസരം | | |

| | | | |
|---|---|---|---|
| | ഹിന്ദിയിൽ ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുക ക്ലാസ് തലത്തിൽ നാടക അവതരണം | | |

## സാമൂഹ്യശാസ്ത്രം – പഠനലക്ഷ്യങ്ങൾ

* വ്യക്തിയും സമൂഹവും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ച് പഠിക്കുക.
* സമൂഹത്തിന്റെ വികാസ പരിണാമങ്ങളെക്കുറിച്ച് മനസ്സിലാക്കുക
* സാമൂഹ്യമാറ്റങ്ങളിൽ പങ്കാളിയാവുക
* സമൂഹത്തെ മെച്ചപ്പെടുത്തുക
* ജനാധിപത്യം, മതനിരപേക്ഷത, ദേശീയബോധം, സഹിഷ്ണുത, സഹകരണ മനോഭാവം, സംഘബോധം, പ്രതികരണശേഷി തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കുക
* പ്രകൃതി പ്രതിഭാസങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയുക
* പരിസ്ഥിതി സംരക്ഷണം
* സമൂഹത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുക
* വിവധ ഭരണരൂപങ്ങളെയും സമ്പദ് വ്യവസ്ഥകളെയും തിരിച്ചറിയുക
* സാമൂഹ്യപ്രശ്നങ്ങളുടെ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുക

## സാമൂഹ്യശാസ്ത്രപഠനം – എങ്ങനെ ?

സാമൂഹ്യശാസ്ത്രപഠനത്തിലൂടെ ആർജിക്കേണ്ട ശേഷികളും മൂല്യങ്ങളും നേടുന്നത് പ്രധാനമായും സംഘപ്രവർത്തനങ്ങളിലൂടെയാണ്. വിവിധ പഠന തന്ത്രങ്ങളും പഠനോപകരണങ്ങളും ഇതിനായി സാമൂഹ്യശാസ്ത്രക്ലാസ്സിൽ സജ്ജമാക്കേണ്ടതുണ്ട്

## പഠനപ്രവർത്തനങ്ങൾ

* ഗ്രൂപ്പ്ചർച്ച

* ചർച്ചാക്കുറിപ്പ് തയ്യാറാക്കൽ

* പട്ടികകളും ഭൂപടങ്ങളും ഗ്രാഫുകളും വിശകലനം ചെയ്യൽ

* വിശകലനക്കുറിപ്പ് തയ്യാറാക്കൽ

* സെമിനാർ

* ഗ്രൂപ്പ് ചർച്ച

* സംവാദം

* അഭിമുഖം

* ഫീൽഡ് ട്രിപ്പ്

* പ്രോജക്റ്റ്

* സർവ്വേ

## ലക്ഷ്യപ്രാപ്തിക്കായി ഒരുക്കേണ്ട സൗകര്യങ്ങൾ

### സുസജ്ജമായ ഒരു സാമൂഹ്യശാസ്ത്രലാബ്

സാമൂഹ്യശാസ്ത്രം തികച്ചും ശാസ്ത്രീയമായ സമീപനത്തിലൂടെ നേടിയെടുക്കേണ്ട നൈപുണികൾ ഉൾക്കൊള്ളുന്നതാണ്.ഇതിനായി ഭൂപടങ്ങൾ,പട്ടികകൾ,ഗ്രാഫുകൾ,നിശ്ചല മാതൃകകൾ.പ്രവർത്തന മാതൃകകൾ,ആധികാരിക രേഖകൾ,പുരാവസ്തുക്കൾ,പ്രകൃതി പ്രതിഭാസങ്ങൾ എന്നിവയെല്ലാം കുട്ടികൾ നിരന്തരം നിരീക്ഷിക്കേണ്ടതുണ്ട്.ഇന്റർനെറ്റ് സൗകര്യം നിരന്തരവും വ്യാപകവുമായി ലഭ്യമാക്കണം. ആകാശ നിരീക്ഷണത്തിനും സൗകര്യമുണ്ടാവണം. ഇതിനായി സൗകര്യപ്രദമായ, സുരക്ഷിതമായ ഒരു മുറി സജ്ജമാക്കണം. കമ്പ്യൂട്ടർ, LCD പ്രോജക്ടർ, ലാബിൽ ആവശ്യമായ മേശകൾ,കസേരകൾ,ബുള്ളറ്റിൻ ബോർഡ്,ചരിത്രശേഷിപ്പുകൾ,ടെലസ്കോപ്പ് എന്നിവ ക്രമീകരിക്കപ്പെടണം.കുട്ടികളുടെ ശേഖരങ്ങൾ,പതിപ്പുകൾ, കുറിപ്പുകൾ,പത്രശേഖരം,ആനുകാലിക പ്രസിദ്ധീകരണങ്ങൾ, സർക്കാർ പ്രസിദ്ധീകരണങ്ങൾ,ചരിത്ര പുസ്തകങ്ങൾ,ഔദ്യോഗിക രേഖകൾ,ചിത്രങ്ങൾ,സ്പെസിമനുകൾ,ഉദ്ധരണികൾ ഇവയെല്ലാം സൂക്ഷിക്കാനുള്ള ഷെൽഫുകൾഉണ്ടായിരിക്കണം.കുട്ടികൾക്ക് ഒഴിവ് സമയങ്ങളിൽ വായിക്കാനും ഗ്രൂപ്പ് ചർച്ച നടത്താനുമുള്ള ഇരിപ്പിട സൗകര്യം ഉണ്ടായിരിക്കണം. നക്ഷത്രങ്ങൾ,ഗ്രഹങ്ങൾ,ഗ്രഹണം പോലുള്ള പ്രതിഭാസങ്ങൾ എന്നിവ നിരന്തരം നിരീക്ഷിക്കാനും സൗകര്യം ഒരുക്കണം.ഭൂരൂപങ്ങൾ,ഭൂപടമാതൃക എന്നിവ നിർമ്മിക്കാൻ പ്രത്യേകം സ്ഥലം ഒഴിച്ചിടണം. കടലാസ്സ്,മണ്ണ് മറ്റു പ്രകൃതിജന്യവസ്തുക്കൾ എന്നിവ മാതൃകാ നിർമ്മാണത്തിനായി ലഭ്യമാക്കണം.പഴയ പാഠപുസ്തകങ്ങൾ,ചരിത്രഗ്രന്ഥങ്ങൾ,പത്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു സാമൂഹ്യശാസ്ത്ര ലൈബ്രറി ലാബിനകത്തുതന്നെ സജ്ജീകരിക്കുന്നതാവും അഭികാമ്യം.

## സാമൂഹ്യശാസ്ത്രക്ലബ്

ക്ലാസ്സ്റൂം ചുവരുകൾക്കുള്ളിൽ നിന്നും പൊതുസമൂഹത്തിലേക്ക് കുട്ടികളെ എത്തിക്കാനുള്ള ഒരു ദൗത്യം ഈ ക്ലബിലൂടെ പൂർത്തികരിക്കപ്പെടണം

### ഏറ്റെടുത്ത് നടത്താവുന്ന പ്രവർത്തനങ്ങൾ

* സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ
* പ്രദർശനങ്ങൾ
* മത്സരങ്ങൾ
* ഫീൽഡ് ട്രിപ്പ്
* അഭിമുഖങ്ങൾ / ചർച്ചകൾ
* പ്രാദേശിക ചരിത്രരചന
* ജീവകാരുണ്യപ്രവർത്തനങ്ങൾ
* ലൈബ്രറി – പുസ്തകശേഖരണം
* നിർമ്മാണം – മാതൃകകൾ
* ചരിത്ര സിനിമകൾ – പ്രദർശനം
* ശുചീകരണ പ്രവർത്തനങ്ങൾ
* മാഗസിനുകൾ, ചുമർപത്രികകൾ, ആൽബം പതിപ്പുകൾ തയ്യാറാക്കൽ
* ഭൂപട നിർമ്മാണം – പ്രാദേശികം
* സിനിമാ നിർമ്മാണം

ക്ലബ് യോഗങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി അനുയോജ്യമായ രീതിയിൽ സജ്ജീകരിച്ച ഒരു മുറി വിദ്യാലയത്തിൽ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യം തന്നെ.

## സാമൂഹ്യശാസ്ത്ര ലൈബ്രറി – വിഭവങ്ങൾ

* പത്രമാസികകൾ
* ആനുകാലിക പ്രസിദ്ധീകരണങ്ങൾ
* മാഗസിനുകൾ
* ചരിത്ര രേഖകൾ
* സർക്കാർ രേഖകൾ
* ഉദ്ധാരണികൾ
* ചരിത്ര ഗ്രന്ഥങ്ങൾ
* ആത്മകഥകൾ
* ജീവചരിത്ര ഗ്രന്ഥങ്ങൾ
* ഭൂമിശാസ്ത്ര ഗ്രന്ഥങ്ങൾ

## സെമിനാർ

വ്യക്തികൾ,പുസ്തകങ്ങൾ,സ്ഥാപനങ്ങൾ ഇവിടങ്ങളിൽ നിന്നെല്ലാം വിവരം ശേഖരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി സെമിനാർ പ്രബന്ധങ്ങൾ തയ്യാറാക്കാനും സെമിനാർ നടത്തി റിപ്പോർട്ട് തയ്യാറാക്കാനും ഉള്ള സ്ഥലം,മറ്റു സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഒരുക്കിയെടുക്കേണ്ടതുണ്ട്.

## പ്രോജക്റ്റ്

സാമൂഹ്യശാസ്ത്രക്ലാസ്സിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾക്ക്ശാസ്ത്രീയമായി പരിഹാരം കാണുന്ന തിന് വേണ്ട അവസരങ്ങൾ വിദ്യാലയത്തിൽ ഒരുക്കിയെടുക്കണം.വിവിധ ഘട്ടങ്ങളിലൂടെ ആവശ്യമായ പ്രവർത്തനങ്ങൾ നടത്താനും വിലയിരുത്താനും വേണ്ട സ്ഥലസൗകര്യം,വാഹനസൗകര്യം എന്നിവയും ഒരുക്കിയെടുക്കണം.

## പദ്ധതി പ്രവർത്തനകാലം, ചുമതല, സാമ്പത്തിക വിശകലനം

ഏതൊരു സംരംഭത്തിന്റെയും ലക്ഷ്യപ്രാപ്തി ശാസ്ത്രീയമായ ആസൂത്രണത്തെ ആശ്രയിച്ചിരിക്കുന്നു. ആസൂത്രണത്തിന്റെ കാര്യത്തിൽ പ്രഥമസ്ഥാനം അധ്യാപകർക്കുതന്നെയാണ്.പഠനനേട്ടം ലക്ഷ്യമാക്കി സുസജ്ജമായ ഒരു സാമൂഹ്യശാസ്ത്ര ലാബ് തയ്യാറാക്കുന്നത് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഒരു പ്രവർത്തനമായി വേണം കാണാൻ. ക്ലാസ്സ് റൂം നിർമ്മാണം ,സൗകര്യങ്ങൾ ഒരുക്കിയെടുക്കൽ എന്നിവ അടുത്ത ഒരു വർഷത്തിൽ നേടിയെടുക്കേണ്ട ലക്ഷ്യമാണ്.ഇതിനാവശ്യമായ ഫണ്ട് ലഭ്യമായ ഗവണ്മെന്റ് സൗകര്യത്തിൽ നിന്നാണ് പ്രധാനമായും കണ്ടെത്തേണ്ടത് ജില്ലാ പഞ്ചായത്ത് എം എൽ എ,എം പി ,ഫണ്ടുകൾ ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിച്ചെടുക്കണം .പി ടി എ ,ഒ എസ് എ തുടങ്ങിയ സംഘടനകളുടെ സഹായം കണ്ടെത്തണം .മുൻകാല അധ്യാപകർ സമൂഹത്തിലെ പൊതു പ്രവർത്തകർ തല്പരരായ മറ്റു വ്യക്തികൾ ഇവരുടെയെല്ലാം സഹായത്തോടെ സാമൂഹ്യ ശാസ്ത്രം എന്ന വിഷയത്തോട് ആഭിമുഖ്യം വളർത്തക്ക വിധം ഒരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ വിദ്യാലയത്തിലെ പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന എല്ലാ അധ്യാപകരും ഏക ഭാവേന നിരന്തര പ്രയത്നം ചെയ്യേണ്ടതുണ്ട്

# സയൻസ് ലാബ് ശാക്തീകരണം

### ലക്ഷ്യങ്ങൾ

(1) ശാസ്ത്രാഭിരുചിയും പ്രക്രിയാ ശേഷികളും വളർത്തുക
(2) ശാസ്ത്ര പഠനത്തിലൂടെ സാമൂഹ്യ നന്മക്ക് പ്രാപ്തമാവുക

(3)കുട്ടികളിൽ നിരീക്ഷണ പരീക്ഷണ പാടവം വളർത്തി യുക്തി ചിന്തയും ശാസ്ത്രീയ മനോഭാവവും വളർത്തുക
(4)ശാസ്ത്ര പഠനത്തിലെ മികവ് പുലർത്തുന്നവർക്ക് ഉയർന്ന നിലവാരത്തിലെത്താൻ പ്രത്യേക പരിശീലനം നൽകുക

## പ്രവർത്തനങ്ങൾ

1.സെമിനാറുകൾ പ്രോജെക്റ്റുകൾ

2. സയൻസ് ലാബ് നവീകരണം -സയൻസ് ലാബ് നവീകരിക്കുക വഴി പഠനം കൂടുതൽ പ്രവർത്തനാധിഷ്ഠിതമാക്കുന്നു

3.സയൻസ് ലാബിലേക്കാവശ്യമായ drawing table,benches,Lcd projector ,mike,laptop etc ഉപയോഗിച്ച് ലാബ് പുതുക്കൽ

4.ശാസ്ത്ര സംബന്ധമായ മാസികകൾ മറ്റ് പ്രസിദ്ധീകരണങ്ങൾ റെഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ ഉൾപ്പെടുത്തി സയൻസ് ലൈബ്രറി നിർമ്മിക്കുന്നു

5.ഗവേഷണ പ്രോജെക്റ്റുകൾ

6.വ്യക്തിഗത പ്രൊജക്റ്റ് ഗ്രൂപ് പ്രൊജക്റ്റ് അധ്യാപക പ്രൊജക്റ്റ് എന്നീ മൂന്നു വിഭാഗങ്ങളിലായി പഠന ഗവേഷണ പ്രോജെക്റ്റുകൾ തയ്യാറാക്കുന്നു

7.ശാസ്ത്രനാടകം -ദിനാചരണവുമായി ബന്ധപ്പെട്ട്

**ചുമതല:** സയൻസ് അധ്യാപകർ,എസ് ആർ ജി കൺവീനർ

**സമയം :** 2 വർഷം

**സാമ്പത്തികം :** പിടിഎ ,സ്പോൺസറിങ് ,ജില്ലാ പഞ്ചായത്ത് കോപ്പറേഷൻ എം എൽ എ ഫണ്ട്

## ഗണിത പഠനം ലാബുകളിൽ

ലക്ഷ്യം : ഗണിതപഠനം കളികളിലൂടെ രസകരമാക്കുന്ന പദ്ധതികൾ

| പദ്ധതികൾ | നടത്തേണ്ട പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ശേഷികളിൽ കഴിവ് നേടുക(ഹ്രസ്വകാല പദ്ധതി) | 1. പഠന നില കണ്ടെത്താൻ Pre test നടത്തുക. വിവരങ്ങൾ ക്രോഡീകരിക്കൽ | ജനുവരി 2018 അവസാന വാരം | ഗണിത അദ്ധ്യാപകർ | |
| | 2. പരിമിതികൾ കണ്ടെത്തി ആവശ്യമായ മൊഡ്യൂളുകൾ തയ്യാറാക്കൽ.അതാത് ക്ലാസ്സുകളിൽ(1-7 വരെ)കൂട്ടൽ, കുറയ്ക്കൽ,ഗുണന പട്ടിക എന്നിവയിൽ പരിശീലനം നടത്തൽ | ഫെബ്രുവരി 2018 | അദ്ധ്യാപകർ, Peer Group അംഗങ്ങൾ | |
| | 3. ഗണിത ഗ്രന്ഥങ്ങൾ വായിക്കുന്നതിന് | ജൂൺ,ജൂലായ് മാസങ്ങൾ | ഗണിത അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സൗകര്യമൊരുക്കൽ,പസ്സിൽ അവതരണം എന്നിവ കുട്ടികൾ ഏറ്റെടുത്ത് ക്ലാസ്സ് റൂം അന്തരീക്ഷം മെച്ചപ്പെടുത്തൽ.<br><br>4. ഗണിത ഗ്രന്ഥങ്ങളിൽ നിന്നുള്ള വായനകൾ അസംബ്ലിയിൽ വെച്ച് നടത്തുക.ക്വിസ് മത്സരങ്ങൾ, പാസ്കൽ ദിനാചരണം എന്നിവ നടത്തുക. | | | |
| **<u>ഉപലക്ഷ്യം:-</u>**<br><br>ജീവിതബന്ധിയായ ഗണിതത്തെ ഹൈസ്കൂൾ ക്ലാസ്സുകളിൽ പരിചയപ്പെടുത്തുക (മധ്യകാല പദ്ധതി) | 1. വാണിജ്യ ഗണിതം,അംശബന്ധങ്ങൾ,സാദൃശ ത്രികോണങ്ങൾ എന്നീ പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിലൂടെ നിത്യജീവിതത്തിലെ അനുഭവങ്ങൾക്ക് കണക്കിന്റെ ആവശ്യകത മനസ്സിലാക്കാൻ കഴിയുന്നു. | ജൂൺ,ജൂലായ് മാസങ്ങൾ | ക്ലാസ്സിലെ ഗണിത അദ്ധ്യാപകർ | 5000/- |
| | 2. ഗണിത ലാബിലെ വിവധ ഉപകരണങ്ങൾ ഉപയോഗിച്ച് പരപ്പളവ്,വ്യാപ്തം,ഘനരൂപങ്ങൾ എന്നിവയിൽ കൂടുതൽ രസകരമായ പഠനാനുഭവം ഉണ്ടാക്കുക. | ആഗസ്റ്റ് | " | |
| | 3. ഗണിത ലാബുകളിൽ ചില കിറ്റുകൾ ഉപയോഗിച്ച് ബീജഗണിത വാചകങ്ങളുടെ കളികൾ | സെപ്റ്റംബർ, ഒക്ടോബർ | മാത് സ് ക്ലബ് അംഗങ്ങൾ, അദ്ധ്യാപകർ | |
| | 4. ന്യന സംഖ്യകളുടെ ക്രിയകൾ ഉൾപ്പെട്ട കളികൾ(Chess Board) എന്നിവ നടത്തുക. | | " | |
| | 5. പഠിച്ച ഗണിതാശയങ്ങൾ ഉപയോഗിച്ച് കുട്ടികൾ clinometer,Geo-Board എന്നിവ നിർമ്മിച്ച് - വൃത്തസംബന്ധിയായ ആശയങ്ങൾ ഉറപ്പിക്കുന്നു - പഠന പ്രവർത്തനം നടക്കുന്നു,പ്രദർശനം നടത്തുന്നു. | നവംബർ ഡിസംബർ | " | |
| | 6. ഘനരൂപങ്ങൾ,സ്തൂപികകൾ, സ്തംഭങ്ങൾ എന്നിവയുടെ മാതൃകകൾ കുട്ടികൾ പ്രദർശിപ്പിക്ക്ന്നു. (മരം,തെർമോകോൾ,സ്ട്രോ ഉപയോഗിച്ച് നിർമ്മിച്ചവ) പഠനപ്രവർത്തനങ്ങൾ അവ ഉൾപ്പെടുത്തി രൂപീകരിക്കുന്നു. | നവംബർ ഡിസംബർ | " | |
| | 7. സ്കൂൾതല ശാസ്ത്രപ്രദർശനം | ഒക്ടോബർ | K.R.A | |

| | | | | |
|---|---|---|---|---|
| | നടത്തുമ്പോൾ കുട്ടികൾക്ക് അവർ നിർമ്മിച്ച patterns,puzzles, still models എന്നിവ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം കൊടുക്കുന്നു | മാസം | P.A.R<br>Club അംഗങ്ങൾ<br>S.S.G | |

**ആർട് ഗാലറി**

ലക്ഷ്യം – മൺമറഞ്ഞ സാഹിത്യകാരന്മാർ ,ശാസ്ത്രകാരന്മാർ, ഗണിതജ്ഞർ ,രാഷ്ട്ര തന്ത്രജ്ഞർ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച മഹാന്മാരുടെ ചിത്രങ്ങൾ,ചരിത്ര പ്രാധാന്യമുള്ള സംഭവങ്ങൾ ,സ്ഥലങ്ങൾ എന്നിവ കുട്ടികളെ പരിചയപ്പെടുത്തുന്നതിനും അവർക്ക് അനുഭവ വേദ്യമാക്കുന്നതിനും

പ്രവർത്തനങ്ങൾ

ഗാലറിയിൽ ഉൾപ്പെടുത്തേണ്ടവ ഏതൊക്കെയെന്നു നിശ്ചയിക്കുന്നു.അതുമായി ബന്ധപ്പെട്ട ചിത്രങ്ങൾ സംഭവങ്ങൾ ,വിവരങ്ങൾ എന്നിവ ശേഖരിക്കുന്നു .ചിത്രങ്ങൾ ലാമിനേറ്റ് ചെയ്ത് പ്രദർശിപ്പിക്കുന്നു .

സാമ്പത്തികം

അഭ്യുദയ കാംക്ഷികൾ ,കോർപറേഷൻ ,എം എൽ എ ഫണ്ട് എന്നിവയിലൂടെ കണ്ടെത്തുന്നു

## <u>വിവിധ സ്കൂൾതല ക്ലബ്ബുകൾ</u>

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ശേഷികൾ |
|---|---|---|---|---|
| 1 | കുട്ടികളുടെ വ്യക്തിത്വ വികസനം സാമൂഹികാവബോധം വളർത്തൽ | ദിനാചരണങ്ങൾ<br>ബോധവത്ക്കരണ ക്ലാസ്സുകൾ,ശുചീകരണ പ്രവർത്തനങ്ങൾ | | ആശയവിനിമയ ശേഷി, വ്യക്ത്യന്തര നൈപുണി,നേതൃത്വ പാടവം |
| 2 | ക്ലാസ്സ് റൂമിന്റെ ചുവരുകൾക്കുള്ളിൽ നിന്നും കുട്ടികളെ പൊതു സമൂഹത്തിലേക്കിറക്കൽ | തെരുവുനാടകങ്ങൾ,നോട്ടീസുകൾ,പോസ്റ്ററുകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ, | | ആശയവിനിമയ ശേഷി, സഹകരണ മനോഭാവം, സഹവർത്തിത്വം |
| 3 | പൊതു സമൂഹത്തിന് | ശുചീകരണ പ്രവർത്തന | | സേവന മനോഭാവം |

| | | | | |
|---|---|---|---|---|
| | ഗുണകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ങ്ങൾ,രോഗികൾക്കും പാവപ്പെട്ടവർക്കും സാമ്പത്തിക സഹായം | | വളർത്തൽ,സഹകരണ മനോഭാവം ത്യാഗസന്നദ്ധത |
| 4 | സാമൂഹികാവബോധം വളർത്തൽ | ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ വാർഡ്- പഞ്ചായത്ത് തല ത്തിൽ ആചരിക്കൽ പോസ്റ്റർ,നോട്ടീസ് തയ്യാറാക്കൽ.പഠന യാത്രകൾ അധികാര സ്ഥാപനങ്ങൾ സന്ദർശിക്കൽ | | സർഗാത്മക ശേഷി, ആശയവിനിമയ ശേഷി, സഹഭാവം |
| 5 | സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കൽ | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ബോധവത്ക്കരണം,ഗൃഹ സന്ദർശനം,നോട്ടീസുകൾ പോസ്റ്ററുകൾ തയ്യാറാക്കൽ | | ആശയവിനിമയ ശേഷി, സഹകരണ മനോഭാവം സാമൂഹിക സേവനത്തിനുള്ള സന്നദ്ധത |

# കലാ പഠനം

ലക്ഷ്യങ്ങൾ

ഓരോ കുട്ടിയിലും അന്തർലീനമായ സർഗാത്മക കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം കൊടുത്തു വളർത്തി എടുക്കുകയാണ് ലക്ഷ്യം

## പ്രവർത്തനം

(1) ഒന്ന് മുതൽ പത്ത് വരെയുള്ള കുട്ടികളെ അവരുടെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ under kiddies, kiddies , sub junior ,junior എന്നീ നാല്യ വിഭാഗങ്ങളായി തിരിക്കുന്നു .

(2 ) സംഗീതം നൃത്തം അഭിനയം ഉപകരണ സംഗീതം തുടങ്ങിയവയിൽ അവരുടെ അഭിരുചി കണ്ടെത്താൻ ക്ലാസ്സിൽ വച്ച് തന്നെ പ്രാഥമിക ടെസ്റ്റ് നടത്തുന്നു

(3 ) അഭിരുചി കണ്ടെത്തി ഓരോ കുട്ടിയേയും മേല്പറഞ്ഞ ഗ്രൂപ്പിൽ സ്ഥിരപ്പെടുത്തുന്നു .

(4 ) സംഗീതം നൃത്തം അഭിനയം എന്നിവ പഠിപ്പിക്കാൻ കഴിയുന്നവരെ സ്കൂളിന്റെ പരിസരത്തുനിന്നും പി ടി എ മെമ്പർമാരുടെ സഹായത്തോടെ കണ്ടെത്തുന്നു

(5 ) മേൽ പറഞ്ഞവ പരിഹരിക്കാനായി ആഴ്ചയിൽ ഒരു പിരിയഡ് ക്രമീകരിക്കുന്നു .

(6 ) പരിശീലനത്തിനായി തിരഞ്ഞെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കളുടെ മീറ്റിംഗ് വിളിച്ചു കുട്ടി കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നു

(7 ) പരിശീലനം നൽകുവാനായി വരുന്നവർക്ക് സ്പോൺസർമാരെ കണ്ടെത്തി ചെറിയ തോതിലുള്ള വേതനം നൽകുന്നു

(8 ) മൂന്നുമാസത്തിനു ശേഷം പരിശീലകന്റെ നേതൃത്വത്തിൽ വീണ്ടും ടെസ്റ്റ് നടത്തി മികവ് പുലർത്തുന്നവരെ മാത്രം തിരഞ്ഞെടുത്ത് ആറ് മാസത്തേക്ക് കൂടി ക്ലാസ് കൊടുക്കുന്നു

തുടർന്ന് ഈ കുട്ടികളെ കലോത്സവങ്ങളിൽ പങ്കെടുപ്പിക്കുകയും കലാ തിലകം കലാ പ്രതിഭ എന്നിവ നേടാൻ പ്രാപ്തമാക്കുകയും ചെയ്യുന്നു

ഈ ദീർഘ കാല പരിശീലനത്തിനായി വിദഗ്ധരായ പരിശീലകരെ കണ്ടെത്തുകയും അവർക്ക് താഴെ പറയുന്ന രീതിയിൽ വേതനം കൊടുക്കുവാൻ ഫണ്ട് കണ്ടെത്തുകയും വേണം

സംഗീത അദ്ധ്യാപിക –മാസ വേതനം –3000 രൂപ *12 = 3600 രൂപ

നൃത്ത അദ്ധ്യാപിക –മാസ വേതനം –3000 രൂപ *12 = 3600 രൂപ

അഭിനയം (നാടകം,മിമിക്രി ,മോണോ ആക്ട് ) –മാസ വേതനം –3000 രൂപ *12 = 3600 രൂപ

ക്ലാസ് റൂം നവീകരണം ------------------------------------------ = 42000 രൂപ

പ്രതീക്ഷിക്കുന്ന ആകെ ചെലവ് -------------- = 150000 രൂപ

# കായിക പഠനം

## ലക്ഷ്യങ്ങൾ

ഓരോ കുട്ടിയുടെയും കായികാഭിരുചി വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി പരിശീലനം നൽകി വളർത്തിയെടുക്കുകയാണ് ലക്ഷ്യം

## പ്രവർത്തനം

(1) ഒന്ന് മുതൽ പത്ത് വരെയുള്ള കുട്ടികളെ അവരുടെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ under kiddies, kiddies, sub junior, junior എന്നീ നാലു വിഭാഗങ്ങളായി തിരിക്കുന്നു

(2) foot ball ,basket ball,volley ball ,cricket,jumps,throws,athletics എന്നിവയിൽ പ്രാഥമിക test നടത്തി ആൺ കുട്ടികളെയും പെൺകുട്ടികളെയും വിവിധ ഗ്രൂപ്പുകളാക്കുന്നു .

(3)മേൽ പറഞ്ഞവയിൽ പരിശീലനം കൊടുക്കുവാൻ കഴിവുള്ളവരെ അടുത്തുള്ള യുവജന ക്ലബ്ബുമായി ബന്ധപ്പെട്ട് കണ്ടെത്തുന്നു .

(4) പരിശീലനത്തിനായി എല്ലാ ദിവസവും 3.30 മുതൽ 4.30 വരെ ഒരു മണിക്കൂർ സമയം ക്രമീകരിക്കുന്നു ഓരോ ഗ്രൂപ്പിനും ഓരോ ദിവസം ക്രമീകരിച്ച നൽകുന്നു .

(5) boots, jercy, balls തുടങ്ങിയ പരിശീലനോപകരണങ്ങൾ വാങ്ങുന്നതിനായി സ്പോൺസർമാരെ കണ്ടെത്തുന്നു .
(6) പരിശീലകർക്കുള്ള വേതനത്തിനായി സ്പോൺസർമാരെ കണ്ടെത്തുന്നു .

(7) മൂന്നു മാസത്തെ പ്രാഥമിക പരിശീലനത്തിന് ശേഷം വീണ്ടും ടെസ്റ്റ് നടത്തി പരിശീലനത്തിൽ മികവ് പുലർത്തുന്നവർ മാത്രം ഉൾപ്പെടുത്തി ദീർഘ കല പരിശീലനത്തിന് പ്ലാനും ബഡ്ജറ്റും തയ്യാറാക്കുന്നു.

(8) പരിശീലനത്തിനായി സ്കൂൾ ഗ്രൗണ്ടിൽ ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കണം. ഇൻഡോർ സ്റ്റേഡിയത്തിൽ ഒൻപതര മുതൽ നാലരവരെ സ്കൂൾ കുട്ടികൾക്കും നാലരക്ക് ശേഷം പുറത്തുള്ളവർക്കും ഉപയോഗിക്കാനുള്ള ക്രമീകരണം ചെയ്യുന്നു.

സ്കൂൾ ഹെഡ് മാസ്റ്റർ, പി ടി എ പ്രസിഡന്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ കായിക പ്രേമികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുകകൂടി ചെയ്താൽ സ്കൂളിലെ കായിക പരിശീലനത്തിന് പൊതു പങ്കാളിത്തം ധാരാളം ലഭിക്കും .

## <u>ബജറ്റ്</u>

indoor stadium നിർമ്മാണം :1000000
balls ,boots, nets etc :100000
football പരിശീലകൻ 3000*12=36000
volly ball പരിശീലകൻ 3000*12=36000
basket ball പരിശീലകൻ 3000*12=36000
cricket പരിശീലകൻ 3000*12=36000
ആകെ പ്രതീക്ഷിക്കുന്ന ചെലവ് = 1244000

# <u>വിമുക്തി</u>

### ലക്ഷ്യം :

1. പുകയില വിമുക്ത ക്യാമ്പസ്
2. പുകയില ഉത്പന്നങ്ങളിൽ അടങ്ങിയിരിക്കുന്ന വിഷ വസ്തുക്കളും അവ വരുത്തിവെക്കുന്ന രോഗങ്ങളെയും കുറിച്ച അവബോധം സൃഷ്ടിക്കൽ

### പ്രവർത്തനങ്ങൾ

ഫസ്റ്റ് സ്റ്റേജ് :സ്കൂളിൽ പുകവലിക്കുന്നവരെ കണ്ടെത്തൽ

പുകവലി മൂലമുണ്ടാകുന്ന ദോഷ വശങ്ങളെ കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ

സെമിനാറുകൾ ,റാലികൾ , പോസ്റ്റർ രചനകൾ മുതലായ പ്രവർത്തനങ്ങളിലൂടെ പുകയില വിമുക്ത ക്യാമ്പസ്

**സമയം** :രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ

ചുമതല: സയൻസ് അധ്യാപകർ,ഹെഡ് മാസ്റ്റർ ,പിടിഎ ,ഡോക്ടർ

**പിന്തുണ :പിടിഎ ,ടീച്ചേഴ്സ്,എക്സൈസ് ,പോലീസ്, ജില്ലാ പഞ്ചായത്ത് ,സന്നദ്ധ സേവന സംഘടനകൾ**

# <u>സർഗ്ഗ ചുമർ</u>

<u>ലക്ഷ്യം</u>

1.കുട്ടികളിലെ സർഗാത്മകത വളർത്തി അവ പ്രദർശിപ്പിക്കുന്നു
2.അവരുടെ ആശയ ലോകം വികസിപ്പിക്കുന്നു
3.കുട്ടികളിലെ ആത്മ വിശ്വാസം വർധിപ്പിക്കുന്നു
4.ക്രിയാത്മക സൃഷ്ടികളിലേർപ്പെടാനുള്ള അവസരം ലഭ്യമാക്കുന്നു
5.സ്കൂൾ ആകർഷകമാക്കുന്നു

പ്രവർത്തനം

(1) എല്ലാ ക്ലാസിലെയും ഒരു ചുമർ തിരഞ്ഞെടുത്ത് അവിടെ ആകർഷകമായ നോട്ടീസ് ബോർഡ് തയ്യാറാക്കുന്നു .

(2) കുട്ടികളെ ഓരോക്ലാസ്സിലും ഗ്രൂപ്പുകളായി തിരിച്ച് ഓരോ ആഴ്ചയിലും ഒരു വിഷയം നൽകുന്നു. അതുമായി ബന്ധപ്പെട്ട സർഗാത്മക രചന നടത്തുവാൻ ആവശ്യപ്പെടുന്നു .അവയുപയോഗിച്ച നോട്ടീസ് ബോർഡ് ആകർഷകമാക്കുന്നു .ഒരാഴ്ചയിലെചുമതല ഒരു ഗ്രൂപ്പിനു എന്ന രീതിയിൽ നൽകുന്നു.വിഷയവുമായി ബന്ധപ്പെട്ട വിവര ശേഖരണം നടത്തി അതും പ്രദർശിപ്പിക്കാവുന്നതാണ്. .മികച്ച ക്ളാസ്സ് റൂം പ്രവർത്തനങ്ങളും പ്രദർശിപ്പിക്കാവുന്നതാണ്.

(3) ആകർഷകമായ ചിത്രപ്പണികളോട് കൂടിയ വലിയ നോട്ടീസ് ബോർഡ് ലൈബ്രറിയിലും ഓഫീസിനു മുൻ വശത്തും സ്ഥാപിക്കുക.ഒരു മാസത്തെ ചുമതല ഒരു ക്ളാസ്സിന് എന്ന രീതിയിൽ നൽകുക.വിവിധ വിഷയങ്ങൾ നല്കി അതുമായി ബന്ധപ്പെട്ട വിവിധ രചനകൾ ഉൾപ്പെടുത്തി ആകർഷകമാക്കുക.
കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുക
മികച്ച നോട്ടീസ് ബോർഡിന് സമ്മാനം നൽകുക

ചുമതല – ക്ലാസ്സ് ടീച്ചർ, ലൈബ്രേറിയൻ, HM , P.T.A

## <u>സ്കൂൾ ലൈബ്രറി</u>

<u>ലക്ഷ്യങ്ങൾ</u>

കുട്ടികളുടെ ബൗദ്ധിക – സാംസ്കാരിക വളർച്ചയിൽ പ്രധാനപങ്ക് വഹിയ്ക്കുന്ന ലൈബ്രറിയുടെ സമഗ്ര നവീകരണം

**പ്രവർത്തനങ്ങൾ**

- എല്ലാ വിഷയങ്ങൾക്കും ആവശ്യമായ പുസ്തകങ്ങളുടെ നിറയ്ക്കൽ.
- ശീതീകരിച്ച വിശാലമായ വായനാമുറി.
- പുസ്തക ഷെൽഫുകൾ.
- പഠനസമയത്ത് റഫറൻസ് സൗകര്യം.
- കാറ്റലോഗുകൾസാങ്കേതികരീതിയിൽ
- ഒഴിവുസമയത്ത് പത്രമാസികകൾ വായിയ്ക്കാൻ തുറന്ന സ്ഥലങ്ങളിൽ വായനാമേഖല.

- പൊതു ജനങ്ങൾ ( രക്ഷിതാക്കൾ ഉൾപ്പെടെ) ക്ക് സൗകര്യാർത്ഥം വിദ്യാലയസമയത്ത് വായിയ്ക്കാനുള്ള അവസരം.
- റഫറൻസിനെ പ്രേരിപ്പിക്കുന്ന പഠനപ്രവർത്തനങ്ങളുടെ ക്രമീകരണം

# ടാലന്റ് ലാബ്

**ആമുഖം**

ടാലന്റ് ലാബ് കാര്യക്ഷമമായി നടന്നുപോരുന്നു. പുസ്തകം, കുട, സോപ്പ്, അലങ്കാരപൂക്കൾ, ആഭരണങ്ങൾ, തുണി സഞ്ചി എന്നിവയുടെ നിർമ്മാണത്തിലും പാഴ്വസ്തുക്കൾ ഉപയോഗിച്ച് വസ്തുക്കൾ വസ്തുക്കൾ നിർമ്മിക്കുന്നതിലും ഇലക്ട്രിക് വയറിംഗിലും പരിശീലനം നൽകി വരുന്നു. പേപ്പർ കാരി ബാഗ്, കടലാസ് പേന, തയ്യൽ, ഫേബ്രിക് പെയിന്റിംഗ്, തുടങ്ങി കൂടുതൽ പ്രവർത്തനങ്ങളിൽ പരിശീലനം നല്കണം. വിദഗ്ധരായവരുടെ നേതൃത്വത്തിൽ ശില്പശാല നടത്തണം.

മുഖ്യലക്ഷ്യം

സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും അവന്റെ കഴിവിനും അഭിരുചിക്കും അനുസരിച്ച് ഒരു തൊഴിലെങ്കിലും സ്വായത്തമാക്കണം.

ഉപലക്ഷ്യം

വിവിധതരത്തിലുള്ള തൊഴിലുകൾ പരിശീലിക്കുവാനും കണ്ടു മനസ്സിലാക്കാനുമുള്ള അവസരങ്ങൾ ഒരുക്കുക.
ഓരോ കുട്ടിക്കും ഏതു തൊഴിലിനോടാണ് ആഭിമുഖ്യമെന്നു കണ്ടെത്തുവാൻ അവസരം നല്കുക.
ടാലന്റ് ലാബ് വഴി തൊഴിൽ സ്വായത്തമാക്കാനുള്ള കുട്ടികളിലെ കഴിവുകൾ വികസിപ്പിക്കുക.

പ്രവർത്തനങ്ങൾ

- നിലവിൽ പരിശീലനം നൽകിവരുന്നതും ഇനി പുതിയതായി പരിശീലനം നൽകുന്നതുമായ പ്രവർത്തനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നു.
- കുട, ചോക്ക്, സോപ്പ്, ആഭരണങ്ങൾ, അലങ്കാരപ്പൂക്കൾ, പുസ്തകം, പേപ്പർ കാരിബാഗ്, ചവിട്ടി, പാഴ് വസ്തുക്കൾ ഉപയാഗിച്ച് വസ്തുക്കൾ നിർമ്മിക്കൽ, ഫേബ്രിക് പെയിന്റിംഗ്, വെജിറ്റബിൾ പ്രിന്റിംഗ്, കൈെത്തുന്നൽ, തയ്യൽ, ഇലക്ട്രിക് വയറിംഗ്, ഗ്ലാസ്സ് പെയിന്റിംഗ് ...
- ഈ ലിസ്റ്റ് നിരീക്ഷിച്ച് കുട്ടികൾ അവർക്ക് താത്പര്യമുള്ള പ്രവർത്തനം കണ്ടെത്തുന്നു.
- കുട്ടികളുടെ പ്രായാടിസ്ഥാനത്തിൽ ഓരോ പ്രവർത്തനത്തിലും പരിശീലനം നേടുവാൻ ആഗ്രഹമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- ഓരോ ഇനത്തിലും സ്കൂളിൽ മികവുള്ള വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ പരിശീലനം നൽകുന്നു.
- വൈദഗ്ധ്യമുള്ളവരുടെ നേതൃത്വത്തിൽ ശിൽപ്പശാലകൾ നടത്തുന്നു.

നിർവ്വഹണ ചുമതല

ടാലന്റ് ലാബ് ചുമതലയുള്ള അധ്യാപകർ, ടാലന്റ് ലാബ് സ്ററുഡന്റ് കൺവീനർ, തെരഞ്ഞെടുത്ത മറ്റ് വിദ്യാർത്ഥി അംഗങ്ങൾ.

ധനകാര്യ വിശകലനം

നിർമ്മാണ വസ്തുക്കൾ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന്.
ടാലന്റ് ലാബ് സജ്ജീകരണത്തിന്
ശില്പശാല സംഘാടനത്തിന്
ഐ സി ടി
മോണിറ്ററിംഗ്
ഹെഡ്മാസ്റ്റർ, പ്രധാനധ്യാപകൻ, പി ടി എ പ്രസിഡന്റ്, എസ് ആർ ജി കൺവീനർ, പി ടി എ മദർ പി ടി എ പ്രതിനിധി

നിർമ്മിത വസ്തുക്കളുടെ ഉപയോഗം

ചോക്ക് – സ്ക്കൂൾ ആവശ്യത്തിന് ഉപയോഗിക്കുന്നു.
അലങ്കാര പൂക്കൾ – യോഗങ്ങളിൽ സദസ്സ് അലങ്കാരത്തിന്
കുട പേന പുസ്തകം പെയിന്റിംഗ് എന്നിവ പ്രദർശനവും വില്പനയും നടത്തുന്നതിന്
കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുവാൻ ഓരോ വിഭാഗങ്ങളിലും എല്ലാ ഇനങ്ങളിലും തത്സമയ മത്സരം നടത്തുന്നു.
വിജയികൾക്ക് ഇത്തരം നിർമ്മാണ വസ്തുക്കൾ നല്കി അനുമോദിക്കുന്നു.
സ്ക്കൂളിലെ മറ്റുമത്സരങ്ങളിലും വിജയികളാകുന്നവർക്കും നിർമ്മാണ വസ്തുക്കൾ നല്കുന്നു. ഓരോ പ്രവർത്തനങ്ങളിലും മിടുക്കരായ വിദ്യാർത്ഥികളുടെ ഫോട്ടോയും പേരും നോട്ടീസ് ബോർഡ്, സ്ക്കൂൾ മാഗസിൻ എന്നിവയിൽ പ്രസിദ്ധീകരിക്കുന്നു.

പരിശീലനം കഴിഞ്ഞാൽ ഓരോ കുട്ടിയും തനിയ്ക്ക് ആവശ്യമായ ബാഗ്, കുട, പുസ്തകം, പേന എന്നിവ സ്വയം നിർമ്മിക്കുവാൻ പ്രാപ്തരാകുന്നു.

സ്വയം തൊഴിൽ

ഈ പരിശീലനങ്ങളിലൂടെ ഓരോ കുട്ടിയും പരിശീലനം നേടിയവയിൽ മികവുറ്റത് കണ്ടെത്തുന്നു. അത് ആ കുട്ടിയെ സ്വയം തൊഴിലിലേയ്ക്ക് നയിക്കുന്നു.

## ഊർജ്ജസംരക്ഷണം

* ഊർജ്ജസംരക്ഷണത്തിന്റെ ബോധവൽക്കരണത്തിനായി ഊർജ്ജസംരക്ഷണ ക്ലബ്ബ് രൂപീകരിച്ചിട്ടുണ്ട്.

* ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചുറ്റുപാടുമുള്ള വീടുകളിലും കടകളിലും ലഘുലേഖകൾ വിതരണം ചെയ്തിട്ടുണ്ട്.

* കെ എസ് ഇ ബി ബിൽ കുറയ്ക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും എൽ ഇ ഡി സമ്മാനമായി നല്കുന്നുണ്ട്.

## ജൈവ വൈവിധ്യ ഉദ്യാനം

**ലക്ഷ്യം**

- കുട്ടി , പ്രകൃതിയേയും പ്രകൃതി വിഭവങ്ങളേയും അടുത്തറിയുക
- പ്രകൃതി സംരക്ഷണം, ജൈവവൈവിദ്ധ്യസംരക്ഷണം എന്നിവയുടെ ആവശ്യകത മനസ്സിലാക്കുന്നതിന്.
- പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം തിരിച്ചറിയുക
- പ്രകൃതിയെ അമിതമായി ചൂഷണം ചെയ്താൽ സംഭവിക്കുന്ന ദൂഷ്യ ഫലങ്ങളെപ്പറ്റി ബോധവാനാവുക.
- ജൈവവൈവിദ്ധ്യം സംരക്ഷിച്ചുകൊണ്ടുള്ള വികസനം.
- ഏറ്റവും ചെറിയ പുൽച്ചെടിമുതൽ ഏറ്റവും വലിയ വന്യജീവികൾ തമ്മിൽ ബന്ധമുണ്ടെന്നും ഒരു ജീവിയുടെ നാശം ആവാസത്തിന്റെ നിലനില്പിനെ അസാദ്ധ്യമാക്കുമെന്നുള്ള തിരിച്ചറിവ്.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം | 2 മാസം | ബിന്ദു,ബീന,അഞ്ജലി, പി ടി എ, കൃഷിഭവൻ | 3000 (സ്പോൺസർ) |
| ശലഭോദ്യാനം | 2 മാസം | അഞ്ജലി, ബീന | 3000 (സ്പോൺസർ) |
| നക്ഷത്ര വനം | 6 മാസം | ബിന്ദു അജിത, പിടിഎ, | |

| | | | |
|---|---|---|---|
| | | രമ | 5000 (ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഔഷധി) |
| കുളം | 2 മാസം | പിടിഎ | 5000 (പിടിഎ, കോർപ്പറേഷൻ) |
| അക്വഫോണിക്സ് | 6 മാസം | ബിന്ദു അജിത പി ടി എ | 10000 (കോർപ്പറേഷൻ സ്പോൺസർ പി ടി എ) |
| <u>രജിസ്റ്റർ നിർമ്മാണം</u><br>സ്ക്കൂൾ പരിസരത്തിലെ സസ്യങ്ങളുടെ പേരുകളും ശാസ്ത്രീയ നാമങ്ങളും ലേബൽ ചെയ്യുക. ഓരോ സസ്യത്തിന്റെയും ഉപയാഗങ്ങൾ കണ്ടെത്തി പതിപ്പ് തയ്യാറാക്കൽ<br><br><u>പ്രോജക്റ്റ്</u><br>നിലവിലുണ്ടായിരുന്നതും ഇപ്പോൾ വംശനാശം നേരിട്ടതും നേരിടുന്നതുമായ സസ്യങ്ങളും ജന്തുക്കളും കാരണം പരിഹാരം | 3 മാസം<br><br><br><br><br><br><br><br>2018 ജൂൺ – സെപ്റ്റംബർ | ബിന്ദു, ബീന അജിത അഞ്ജലി എന്നീ അദ്ധ്യാപകർ<br><br><br><br><br><br><br><br>ബിന്ദു, ബീന അജിത അഞ്ജലി എന്നീ അദ്ധ്യാപകർ | പി ടി എ |
| <u>ജൈവവൈവിധ്യത്തിലെ വിഭവങ്ങൾ</u><br>1. പച്ചമുളക്<br>2. ചീര<br>3. ചെമ്പരത്തി<br>4. കനാകാംബരം<br>5. കൊങ്ങിണി<br>6. നിത്യകല്യാണി | | | 2000 (പി ടി എ, കാർഷിക ക്ലബ്ബ്, ടീച്ചേഴ്സ്) |
| ഓരോ ക്ലാസ്സുകാർക്കും തോട്ടങ്ങൾ നല്കുന്നു. ഓരോ മാസത്തിലും തോട്ടത്തിന് മാർക്കിടുന്നു. ഏറ്റവും നല്ല തോട്ടത്തിന് സമ്മാനം നല്കുന്നു. | | | സ്പോൺസർ, പി ടി എ |

## കൗൺസിലിംഗ്

### 1. ആമുഖം

കൗൺസിലിംഗ് കാര്യക്ഷമമായി നടന്നു പോരുന്നു.സ്നേഹത്തോടെ പരിഗണനയോടെ കുട്ടികളുടെ

പ്രശ്നങ്ങൾ കേൾക്കുകയും,വ്യക്തി,കുടുംബം,സമൂഹം,നിയമം എന്നീ തലങ്ങളിൽ പരിഹാരം കാണേണ്ടത് അതാതു തലങ്ങളിൽ പരിഹാരം കാണുകയും മനശാസ്ത്രസമീപനത്തോടെ അവരുടെ പ്രശ്നങ്ങൾ വിലയിരുത്തുകയും പരിഹരിക്കുകയും സ്വയം പര്യാപ്തമാക്കുകയും ചെയ്തു വരുന്നു.കൂടാതെ വിദഗ്ധരായവരുടെ നേതൃത്വത്തിൽ

**2. മുഖ്യലക്ഷ്യം**

സ്വന്തം ജീവിത സാഹചര്യങ്ങൾക്കനുസൃതമായി സ്വധർമ്മങ്ങളനുഷ്ഠിച്ച് അവനവനും മറ്റുള്ളവർക്കും സംതൃപ്തി നേടാൻ തക്കവിധം വ്യക്തിയെ പ്രാപ്തനാക്കാൻ സഹായിക്കുക.

ശിൽപശാല നടത്താറുണ്ട്.

1. ജീവിതത്തിലുണ്ടാകുന്ന പരാജയങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് ജീവിതം മെച്ചപ്പെടുത്താൻ കുട്ടികളെ പ്രേരിപ്പിക്കുന്നു.

2.സ്വയം കാര്യങ്ങൾ ചെയ്ത് വിജയമോ പരാജയമോ നേരിടുക വഴി കുട്ടിയുടെ അനുഭവ സമ്പത്തും ആത്മവിശ്വാസവും വളർത്തുന്നു.

3.നിശ്ചിതമായ ഗാർഹിക ഉത്തരവാദിത്വങ്ങൾ ചെറുപ്പത്തിൽത്തന്നെ ഏറ്റെടുക്കാൻ പ്രാപ്തരാക്കുന്നു.

4. പരാജയങ്ങൾ സംഭവിക്കുമ്പോഴോ വീട്ടുക്കാർ വഴക്കു പറഞ്ഞാലോ ലഹരിവസ്തുക്കളുടെ അഭയം പ്രാപിക്കില്ല എന്ന തീരുമാനമെടുക്കാൻ സഹായിക്കുന്നു.

5.വിഷമം തോന്നുമ്പോൾ ജീവിതത്തിൽ നിന്ന് ഒളിച്ചോടാതെ പ്രശ്നപരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കാൻ സഹായിക്കുക

6. സഹപാഠികളുടെ വിഷമതകൾ കണ്ടറിഞ്ഞ് സഹായിക്കാനുള്ള മനോഭാവം വളർത്തുക

7. സ്വന്തം തെറ്റുകൾ സ്വയം തിരിച്ചറിയാനുള്ള അവസരം നൽകുന്നു

8.കുട്ടികൾ ചെയ്യുന്ന നല്ല കാര്യങ്ങൾ അഭിനന്ദിച്ച് അവരെ പ്രോത്സാഹിപ്പിക്കുന്നു

**3. ഉപലക്ഷ്യം**

* ഇപ്പോൾ അനുഭവപ്പെടുന്ന പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സഹായിക്കുകയും കൂടാതെ ഭാവിയിൽ മറ്റു പ്രശ്നങ്ങളുണ്ടാകുമ്പോൾ അതു പരിഹരിക്കാൻ പ്രാപ്തി കിട്ടത്തക്കവിധം സ്വയം വളരാൻ സഹായിക്കുക

* നിയമങ്ങളെക്കുറിച്ചും ദിനാചരണങ്ങളെ കുറിച്ചും കുട്ടികളെ ബോധവൽക്കരിക്കുക

* ലഹരി ഉപയോഗത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുക

4. * ഓരോ കുട്ടിയും വ്യത്യസ്തനാണ്. കഴിവിന്റെയും താൽപര്യത്തിന്റെയും വ്യക്തിത്വത്തിന്റെയും സാധ്യതകളുടെയും ഒക്കെ കാര്യത്തിൽ ഇത് കണ്ടെത്തി കുട്ടികളിലെ കഴിവുകൾ വികസിപ്പിക്കുക

* വിവിധ മേഖലകളെ കുറിച്ച് ഗ്രൂപ്പ് ചർച്ചകൾ നടത്തുക.

## പ്രവർത്തനങ്ങൾ

1. വ്യക്തിഗത കൗൺസിലിംഗും തുടർന്ന് follow up counselling നടത്തുന്നു

2. കുട്ടികളുടെ പ്രശ്നങ്ങൾ ഗ്രൂപ്പായി ചർച്ച ചെയ്യുകയും പ്രശ്ന പരിഹാരങ്ങൾ കണ്ടെത്താൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു

3. Home visit നടത്തുകയും ഇതുവഴി family members നും കൗൺസിലിംഗും, കുട്ടികളുടെ ഭൗതിക സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനും സാധിക്കുന്നു

4. ബോധവൽക്കരണം നൽകി വരുന്ന മേഖലകളെക്കുറിച്ചും ബോധവൽക്കരണം നൽകാൻ ഉദ്ദേശിക്കുന്ന വിഷയങ്ങളെക്കുറിച്ചും ലിസ്റ്റ് തയ്യാറാക്കുന്നു.

5. ലഹരി വിരുദ്ധദിനവുമായി ബന്ധപ്പെട്ട് വീടുകളിൽ സ്റ്റിക്കർ പതിപ്പിക്കുന്നു

6.വൈദഗ്ധ്യമുള്ളവരുടെ നേതൃത്വത്തിൽ ശിൽപ്പശാലകൾ നടത്തുന്നു

7. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ,കഥ,കവിത,essay,flash mob ,ചിത്രരചന,ക്വിസ് എന്നിവ നടത്തി പോരുകയും, തുടർപ്രവർത്തനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്നു.

## 5. നിർവ്വഹണ ചുമതല

കൗൺസിലിംഗ് ചുമതലയുള്ള ടീച്ചർ, പ്രധാനദ്ധ്യാപകൻ, സി. ഡി.പി. ഒ , പിടി എ പ്രസിഡന്റ്.

## 6. ധനകാര്യ വിശകലനം

ശാന്തമായ അന്തരീക്ഷത്തിൽ ഒതുക്കമുള്ള മുറിയും റിലാക്സേഷൻ ചെയ്യുന്നതിനായി നീണ്ടുനിവർന്നു കിടക്കാൻ പറ്റുന്ന ചാരുകസേര – കട്ടിൽ, ഫാൻ അറ്റാച്ച്ഡ് ടോയ് ലറ്റ്, വെള്ള സൗകര്യം ആവശ്യമായ മറ്റ് ഫർണീച്ചർ.

## സാമൂഹികം

ലക്ഷ്യം

കുട്ടികൾക്ക് സമൂഹത്തോടുള്ള കടപ്പാട് ഓർമ്മിപ്പിക്കുന്നതിനു ഉതകുന്ന പ്രവർത്തനങ്ങളിലൂടെ അവരിൽ സാമൂഹ്യ ബോധവും ,മൂല്യ ബോധങ്ങളും ഊട്ടി ഉറപ്പിക്കുക

പ്രവർത്തനങ്ങൾ

- പാലിയേറ്റീവ് കെയർ പ്രവർത്തകരുമായി സന്ദര്ശിച്ചൻ ആശുപത്രി സന്ദർശനം.അവർക്ക് വസ്ത്രം ,ഭക്ഷണം എന്നിവ നൽകൽ
- വൃദ്ധ മന്ദിരം സന്ദർശിക്കൽ
  വാർധക്യത്തിൽ എത്തിയവർ സ്നേഹവും പരിചരണവും അർഹിക്കുന്നു എന്ന് ബോധ്യപ്പെടുത്തി കുട്ടികളിൽ പ്രായമായവരോട് സ്നേഹവും കരുതലും നിറഞ്ഞ മനോഭാവം വളർത്താൻ
- സഹപാഠികളിൽ ശാരീരികമായും സാമ്പത്തികമായും ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ധനം സമാഹരിച്ച നൽകൽ (കുട്ടികൾക്ക് വിശേഷാവസരങ്ങളിൽ ലഭിക്കുന്ന പോക്കറ്റ് മണി ഇതിനായി ഉപയോഗിക്കാം )

## ദിനാചരണങ്ങൾ

**ലക്ഷ്യങ്ങൾ**

* ദിനാചരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക
* ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട മൂല്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക

*ദേശസ്നേഹം വളർത്തുക

**പ്രവർത്തനങ്ങൾ**

1. <u>പ്രവേശനോത്സവം</u> - സ്കൂൾ അലങ്കരിക്കൽ,നവാഗതരെ സ്വാഗതം ചെയ്യുക,കുട്ടികളുടെ വിവിധ കലാപരിപാടികൾ,അക്ഷരദീപം തെളിക്കൽ,പഠനോപകരണ വിതരണം,മധുരം നൽകൽ

സമയം - ഒരാഴ്ച

ചുമതല – L.P. Teachers

2. <u>പരിസ്ഥിതി ദിനാചരണം (ജൂൺ 5)</u> – വൃക്ഷതൈ നടൽ,ബോധവൽക്കരണക്ലാസ്സ്,ക്വിസ്,പോസ്റ്റർ രചന, പരിസ്ഥിതി പതിപ്പ് നിർമ്മാണം

ഹ്രസ്വകാലം - ഒരാഴ്ച

ചുമതല – Echo club members,Teachers and PTA

3. <u>വായനദിനം- ജൂൺ 19</u>

*ക്ലാസ്സ് ലൈബ്രറി സജീവമാക്കൽ
*പുസ്തകശേഖരണം(വ്യക്തികൾ,ക്ലബ്ബുകൾ)
*വായനക്കുറിപ്പ് മത്സരം
*ക്വിസ്
*പുസ്തകപരിചയം(കുട്ടികൾ,അധ്യാപകർ)
*മികച്ച വായനാകുറിപ്പുകളുടെ അവതരണം(അസംബ്ലിയിൽ)
*എഴുത്തുകാരെ പരിചയപ്പെടൽ
*പുസ്തക പ്രദർശനം
*രക്ഷകർത്താക്കൾക്ക് വായനയ്ക്ക് അവസരം
*കുട്ടികളുടെ സർഗാത്മക രചനകളുൾക്കൊള്ളുന്ന പത്രം

ചുമതല – Malayalam Teachers,vidyarangam Club

4. <u>മയക്കുമരുന്ന് വിരുദ്ധദിനം - ജൂൺ 26</u>

*പോസ്റ്റർ രചന
*ബോധവൽക്കരണ ക്ലാസ്സ്
*ലഘുലേഖ വിതരണം(സ്കൂൾ സമീപ പ്രദേശങ്ങൾ)

ചുമതല – Ritama,Anjaly.Bindu

5. <u>ബഷീർ ചരമദിനം - ജൂലായ്</u>

*ബഷീറിന്റെ പുസ്തകപരിചയം
*ബഷീറിന്റെ കഥാപാത്രങ്ങളുടെ അവതരണം
*ഇൻലന്റ് മാഗസിൻ തയ്യാറാക്കൽ
*പാഠഭാഗവുമായി ബന്ധപ്പെട്ട ഭാഗങ്ങളുടെ ദൃശ്യാവിഷ്ക്കരണം

ചുമതല – Rathy. V. K,Praseeda,Renuka

6. <u>ജനസംഖ്യാദിനം</u>

*ക്വിസ്
*പ്രഭാഷണം
*പോസ്റ്റർ മത്സരം

ചുമതല – Social science Club,Teachers

7. <u>ചാന്ദ്ര ദിനം</u>

*ശാസ്ത്ര ക്വിസ്
*പ്രസംഗം

ചുമതല - Science Club,Teachers

8. <u>ഹിരോഷിമ ദിനം - ആഗസ്റ്റ് 6</u>

*പോസ്റ്റർ നിർമ്മാണം
*യുദ്ധാവിരുദ്ധ സന്ദേശമെഴുതിയ ബാഡ്ജ് ധരിക്കൽ
*റാലി
*പ്രസംഗ മത്സരം

ചുമതല – Social science Club,Teachers

9. <u>സ്വാതന്ത്ര്യദിനം – ആഗസ്റ്റ് 15</u>

* ക്വിസ് മത്സരം, ഉപന്യാസ മത്സരം,ദേശഭക്തിഗാന മത്സരം
*പ്രസംഗ മത്സരം,പതാക നിർമ്മാണ മത്സരം

ചുമതല – Rema Teacher,Renuka teacher

10. <u>ചിങ്ങം 1 – കർഷക ദിനം</u>
*നാട്ടിലെ ഒരു പ്രായമായ കർഷകനെ ആദരിക്കൽ
*ക്ലാസ്സ്

ചുമതല – Beena George,Bindu,Praseeda

11. <u>അധ്യാപക ദിനം – സെപ്തംബർ 5</u>

* പൂർവ്വ അധ്യാപകരെ ആദരിക്കൽ

ചുമതല – Annie,Lissy,Paul. T. K

12. <u>ഓണാഘോഷം</u>

* ഓണ സദ്യ
* പൂക്കളമത്സരം
* ഓണക്കളികൾ

ചുമതല – Rathy,Renuka,Anjaly,Lissy

13. <u>ഓസോൺ ദിനം – സെപ്തംബർ 16</u>

*ക്വിസ്
*സ്കിറ്റ്

ചുമതല – Anjaly, Bindu

14. <u>ഗാന്ധിജയന്തി – ഒക്ടോബർ 2</u>

*ക്വിസ്, പ്രസംഗം
*സ്കൂളും പരിസരവും മനോഹരമാക്കൽ

ചുമതല – Paul. T. K, Ritama, Ajitha

15. <u>വന്യജീവി വാരം – ഒക്ടോബർ 6</u>

*ക്വിസ്, പതിപ്പ് തയ്യാറാക്കൽ(വംശനാശം നേരിടുന്ന ജീവികളുടെ )
ചുമതല – Bindu, Paul. T. K,  Anjaly

16. <u>ഐക്യരാഷ്ട്രദിനം – ഒക്ടോബർ 24</u>

*ക്വിസ്, പ്രഭാഷണം
*ചാർട്ട് നിർമ്മാണം(UNO യുടെ വിവിധ ഭരണ നിർവ്വഹണ ഘടകങ്ങൾ
ചുമതല – Social science Club,Teachers

17. <u>വയലാർ ചരമദിനം – ഒക്ടോബർ 27</u>

*വയലാറിന്റെ പുസ്തക പരിചയം, കവിതാലാപന മത്സരം
ചുമതല – Malayalm Club,Malayalam teachers

18. <u>ബാലസഭ – സ്കൂൾ തലം (ഒക്ടോബർ 28)</u>

*കുട്ടികളുടെ വിവിധ പരിപാടികൾ

ചുമതല – L.P.Teachers

19. <u>കേരളപിറവി  – നവംബർ 1</u>

*ദേശഭക്തി ഗാനാലാപനം, പ്രസംഗ മത്സരം,ക്വിസ്,മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സ്
*കേരളത്തിന്റെ തനത് കലകളെ പരിചയപ്പെടുത്തൽ

ചുമതല  –  Social science Club

20. <u>ശിശു ദിനം – നവംബർ 14</u>

*പ്രസംഗം,കുട്ടികളുടെ കലാപരിപാടികൾ,ക്വിസ്
ചുമതല – L.P.Teachers

21. <u>എയ്ഡ്സ് ദിനം – ഡിസംബർ 1</u>

*ബോധവൽക്കരണ ക്ലാസ്സ്

ചുമതല – Science Teachers

22. <u>വികലാംഗ ദിനം –  ഡിസംബർ 3</u>

*കുട്ടികളുടെ വിവിധ പരിപാടികൾ
ചുമതല – Moly Teacher

23. <u>ക്രിസ്തുമസ് ആഘോഷം – ഡിസംബർ</u>

ചുമതല  – All Teachers

24. <u>റിപ്പബ്ലിക് ദിനം – ജനുവരി 26</u>

*ദേശഭക്തി ഗാനാലാപനം, പ്രസംഗം, ക്വിസ്
ചുമതല – Social science Club, S.S. Teacher

## <u>ഭിന്നശേഷിക്കാരെ ഉൾക്കൊള്ളിച്ചുള്ള വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ</u>

ഭിന്നശേഷിക്കാരായ കുട്ടികളുടെ സർവ്വോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിന് അനുയോജ്യമായ ഭൗതിക

സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് അനിവാര്യമായ ഘടകമാണ്.
കാഴ്ചവൈകല്യം,ചലനവൈകല്യം,ശ്രവണവൈകല്യം,ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ എന്നിങ്ങനെ വിവിധതരത്തിലുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സർവ്വോന്മുഖമായ മികവുകൾ ലഭ്യമാകുന്നതിന് അനുയോജ്യമായ ഭൗതിക സാഹചര്യം,അനുരൂപികരണങ്ങൾ,പ്രവർത്തനങ്ങൾ,പാഠ്യേതരപ്രവർത്തനങ്ങൾ എന്നിവ പ്രധാന പങ്കുവഹിക്കുന്നു.

## ലക്ഷ്യങ്ങൾ

- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കൂളിലെ എല്ലാ മേഖലകളിലും മറ്റു കുട്ടികളെപ്പോലെ എത്തിച്ചേരുന്നതിനുള്ള സൗകര്യം ഉറപ്പുവരുത്തുന്നു.
- സ്വഭാവശാസ്ത്രവും കൃഷിശാസ്ത്രവും ഒന്നിപ്പിച്ച് ഇത്തരത്തിലുള്ള കുട്ടികളുടെ മാനസികവും ശാരീരികവും ആത്മീയവുമായ വികസനം ഉറപ്പാക്കുന്നു.
- റിസ്സോഴ്സ് സെന്ററിന്റെ പ്രവർത്തനം വഴി മൾട്ടിഡിസിപ്ലനറി ( Multidisplinary ) ടീമിന്റെ സേവനം ഉപയാഗിച്ച് കൊണ്ട് കുട്ടികളുടെ വൈകല്യത്തിന്റെ തീവ്രതകുറയ്ക്കുവാൻ സാധിക്കുന്നു.
- റിസോഴ്സ് ടീച്ചർമാരുടെ സേവനം ഉറപ്പാക്കുന്നതുവഴി പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിലും വിവിധമേഖലയിലുള്ള ഇത്തരം കുട്ടികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നു.
- ഭിന്നശേഷിക്കാരായ കുട്ടികളെ ശാക്തീകരിച്ച് സ്വയം തൊഴിൽ വൈദഗ്ധ്യം നേടാൻ പ്രാപ്തരാക്കുക.
- ഭിന്നശേഷിയുള്ള കുട്ടികൾക്കും മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും വേണ്ടിയുള്ള വിജ്ഞാനവ്യാപന പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| 1.ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കൂളിലെ എല്ലാ മേഖലകളിലും മറ്റു കുട്ടികളെപ്പോലെ എത്തിച്ചേരുന്നതിനുള്ള സൗകര്യം ഉറപ്പുവരുത്തുന്നു. | • സ്കൂളിന്റെ എല്ലാ കെട്ടിടങ്ങളിലേയ്ക്കും യഥേഷ്ടം സഞ്ചരിക്കുന്നതിനായി റാംപ് ആന്റ് റെയിൽ സൗകര്യം ഏർപ്പെടുത്തുന്നു.<br>• അഡാപ്റ്റഡ് ടോയ് ലറ്റോടുകൂടിയ ക്ലാസ്സ് റൂം നിർമ്മാണം<br>• ഭിന്നശേഷിക്കാരായ ശാരീരികവൈകല്യം അനുഭവിക്കുന്ന കുട്ടികളുടെ ക്ലാസ്സ് സ്കൂളിലെ കമ്പ്യൂട്ടർ ലാബ് സയൻസ് ലാബ് ലൈബ്രറി എന്നിവയ്ക്ക് സമീപത്തുള്ളതാക്കി മാറ്റുന്നു.<br>• ശാരീരിക വൈകല്യത്തിന്റെ തീവ്രതയനുസരിച്ച് ക്ലാസ്സ് റൂം ഫർണ്ണീച്ചറിൽ മാറ്റം വരുത്തുന്നു. | ഒരു വർഷത്തിനു മുകളിൽ (ദീർഘകാലം)<br>ഒരു വർഷം ( മധ്യകാലം)<br>ദീർഘകാലം | പി ടി എ സ്പെഷ്യൽ പി ടി എ | കുട്ടികൾക്ക് സ്കൂളിലെ എല്ലായിടത്തും എത്തിച്ചേരാൻ കഴിയുന്നു. |
| 2. സ്വഭാവശാസ്ത്രവും കൃഷിശാസ്ത്രവും ഒന്നിപ്പിച്ച് ഇത്തരത്തിലുള്ള കുട്ടികളുടെ മാനസികവും ശാരീരികവും ആത്മീയവുമായ വികസനം ഉറപ്പാക്കുക. | • ഹോർട്ടി കൾച്ചർ തെറാപ്പിയുടെ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികൾക്കായി അഭികാമ്യമായ പൂന്തോട്ടം നിർമ്മിക്കുകയും | 1 വർഷം | റിസ്സോഴ്സ് ടീച്ചർ, പിടി എ | കുട്ടികളുടെ പൂന്തോട്ടം |

| | | | | |
|---|---|---|---|---|
| | • കൃഷി വിദഗ്ധരുടെ മേൽനോട്ടത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ഉദ്യാനപരിപാലന ചികിത്സാ ക്ലാസ്സ് നൽകുകയും ചെയ്യുന്നു.<br><br>ഫിസിയോ തെറാപ്പിസ്റ്റ് | 1 വർഷം | സ്പെഷ്യൽ പി ടി എ | |
| 3. റിസ്സോഴ്സ് സെന്ററിന്റെ പ്രവർത്തനം വഴി മൾട്ടി ഡിസിപ്ലനറി (Multidisplinary ) ടീമിന്റെ സേവനം ഉപയാഗിച്ച് കൊണ്ട് കുട്ടികളുടെ വൈകല്യത്തിന്റെ തീവ്രത കുറയ്ക്കുക. | • കുട്ടികളുടെ ശാരീരിക വൈകല്യം എത്രയും പെട്ടെന്ന് തന്നെ തിരിച്ചറിയുന്നതിന് സഹായിക്കുന്നു.<br>• കുട്ടികളിലെ ചലനസ്വാതന്ത്ര്യത്തിന് തടസ്സമായി നിൽക്കുന്ന ജോയിന്റുകളുടെ ചലനം (mobility) മസ്സിലുകളുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുക, തുടങ്ങി കുട്ടികൾക്ക് ആവസ്യമായ തെറാപ്പി നൽകുന്നതുവഴി കുട്ടികളുടെ ശാരീരിക വൈകല്യങ്ങൾ ഒരു പരിധിവരെ കുറച്ചുകൊണ്ടുവരുന്നതിന് സാധിക്കുന്നു.<br>• സ്പീച്ച് തെറാപ്പി<br>• ഒക്യുപ്പേഷണൽ ( തെറാപ്പി)<br>• സൈക്കോളജിസ്റ്റ്<br>• തുടങ്ങി ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ കുട്ടികളുടെ വൈകല്യത്തിന്റെ തീവ്രത കുറയ്ക്കുന്നു. | ദീർഘകാലം | പി ടി എ<br>സ്പെഷ്യൽ പി ടി എ<br>റിസ്സോഴ്സ് ടീച്ചർ, ആയ | കുട്ടികളിലെ വൈകല്യത്തിന്റെ തീവ്രത കുറയുന്നു |
| 4. റിസോഴ്സ് ടീച്ചർമാരുടെയും ആയമാരുടെയും സേവനം ഉറപ്പാക്കൽ വഴി കുട്ടികളുടെ പാഠ്യ പാഠ്യേതരമായ കഴിവുകളെ മെച്ചപ്പെടുത്തുന്നു. | • പലതരത്തിലുള്ള സവിശേഷതകൾ നേരിടുന്ന കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തുക<br>• വിവിധ സ്കീമുകളിലൂടെ ലഭ്യമാവുന്ന ആനുകൂല്യങ്ങൾ യഥാസമയം നേടിയെടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ<br>• അനുരൂപികരണ പ്രവർനങ്ങൾ നടത്തുക<br>• പാഠ്യേതര പ്രവർത്തനങ്ങളെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക തുടങ്ങി..<br>• ഭവനസന്ദർശനം നടത്തുക<br>• പരീക്ഷാസഹായം | ഹ്രസ്വകാലം | ക്ലാസ്സ് ടീച്ചർ, റിസ്സോഴ്സ് ടീച്ചർ, ആയ<br><br>സാമൂഹികം ലക്ഷ്യം കുട്ടികൾക്ക് സമൂഹത്തോടുള്ള കടപ്പാട് ഓർമ്മിപ്പിക്കുന്നതിനു | കുട്ടികൾ പഠനപാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു. |

| | | | | |
|---|---|---|---|---|
| 5.ഭിന്നശേഷിക്കാരായ കുട്ടികളെ ശാക്തീകരിച്ച് സ്വയം തൊഴിൽ നേടാൻ പ്രാപ്തരാക്കുക<br><br>6. ഭിന്നശേഷിയുള്ള കുട്ടികൾക്കും മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും വേണ്ടിയുള്ള വിജ്ഞാപന പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുക. | • തൊഴിലധിഷ്ഠിത പഠനപദ്ധതിയുടെ ഭാഗമായി കുട്ടികളുടെ കഴിവനുസരിച്ച് അവരെ സ്വയം പ്രാപ്തരാക്കുന്നതിന് താഴെ പറയുന്ന മേഖലകളിൽ പരിശീലനം നല്കുന്നു.<br>• സ്ക്കൂളുകൾ ഹൈടെക്ക് ആകുന്നതോടെ കമ്പ്യൂട്ടർ അധിഷ്ഠിത തൊഴിൽ പരിശീലനം നല്കുന്നു.<br><br>ഉദാ.<br>• കമ്പ്യൂട്ടറിന്റെ ഫണ്ടമെന്റലുകൾ<br>• ഡി.റ്റി.പി<br>• ഡാറ്റാ എൻട്രി<br>• ഫോട്ടോഷോപ്പ്<br>കൂടാതെ<br>• പേപ്പർ ബാഗ് നിർമ്മാണം<br>• ബുക്ക് ബൈന്റിംഗ്<br>• പൂക്കൾ നിർമ്മാണം<br>• ബൊക്കെ നിർമ്മാണം<br>• ബേസിക് ഇലക്ട്രിക് വയറിംഗ് etc.<br>• തയ്യൽ പരിശീലനം<br><br>* സാങ്കേതിക സഹായ പരിശീലനം (Assistive Technology Programs)<br><br>* സമൂഹ ജീവിത പരിശീലനം (Community Living Programs)<br><br>* സഹോദരങ്ങൾക്കുള്ള അനുയോജ്യമായ പെരുമാറ്റ പരിശീലനം.( Positive Behaviour Support programms for the siblings<br><br>* കുടുംബങ്ങൾ തമ്മിലുള്ള പരസ്പര സഹകരണം(Family to family support)<br>വൈകല്യങ്ങളുള്ള കുട്ടികളുടെ പരിശീലനം ഒരു വെല്ലുവിളിയാണ്. ഈ വെല്ലുവിളികൾ അതിജീവിക്കാൻ മാതാപിതാക്കൾ എടുക്കുന്ന ശ്രമങ്ങളെക്കുറിച്ച് മറ്റു മാതാപിതാക്കളുമായി ആശയം പങ്കുവെയ്ക്കുന്നതിനുള്ള അവസരം ഒരുക്കി കൊടുക്കുന്നു.<br><br>* തൊഴിൽ അഭ്യാസ പരിശീലനം കുട്ടികൾക്കും,അവരുടെ സഹോദരങ്ങളോ | മധ്യകാലം (2 year)<br><br>ദീർഘകാലം<br><br>ഹ്രസ്വകാലം | ഉതകുന്ന പ്രവർത്തനങ്ങളിലൂടെ അവരിൽ സാമൂഹ്യ ബോധവും ,മൂല്യ ബോധങ്ങളും ഊട്ടി ഉറപ്പിക്കുക<br><br>പ്രവർത്തനങ്ങൾ<br><br>പാലിയേറ്റീവ് കെയർ പ്രവർത്തകരുമായി സന്ദര്ശിച്ചുൻ ആശുപത്രി സന്ദർശനം. അവർക്ക് വസ്ത്രം ,ഭക്ഷണം എന്നിവ നൽകൽ<br><br>വൃദ്ധ മന്ദിരം സന്ദർശിക്കൽ<br><br>വാർധക്യത്തിൽ എത്തിയവർ സ്നേഹവും പരിചരണവും അർഹിക്കുന്നു എന്ന് ബോധ്യപ്പെടുത്തി കുട്ടികളിൽ പ്രായമായവരോട് സ്നേഹവും കരുതലും നിറഞ്ഞ മനോഭാവം വളർത്താൻ<br><br>സഹപാഠികളിൽ ശാരീരികമായും സാമ്പത്തികമായും ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ധനം | തൊഴിൽ ചെയ്യാൻ പ്രാപ്തരാവുന്നു.<br><br>രക്ഷാകർത്താക്കളുടെയും കുട്ടികളുടെയും ഒരുമിച്ചുള്ള പ്രവർത്തനം |

| | | | | |
|---|---|---|---|---|
| | മാതാപിതാക്കളോ ഒരുമിച്ച് ചെയ്യാവുന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽ അവർക്ക് പരിശീലനം നൽകുന്നു.<br><br>* സ്കൂളിനോടനുബന്ധിച്ച് തന്നെ ഒരു തൊഴിലധിഷ്ഠിത യൂണിറ്റിന്റെ പ്രവർത്തനം | | സമാഹരിച്ച നൽകൽ (കുട്ടികൾക്ക് വിശേഷാവസരങ്ങളിൽ ലഭിക്കുന്ന പോക്കറ്റ് മണി ഇതിനായി ഉപയോഗിക്കാം )<br><br>ക്ലാസ്സ് ടീച്ചർ, റിസ്സോഴ്സ് ടീച്ചർ, സ്പെഷ്യൽ പി ടി എ ആയ<br><br>ക്ലാസ്സ് ടീച്ചർ, റിസ്സോഴ്സ് | തൊഴിൽ ചെയ്യുന്നതു വഴി സ്വയം പ്രാപ്തരാവുന്നു. |

| | | | ടീച്ചർ, ആയ | |
|---|---|---|---|---|

## ഉച്ചഭക്ഷണം

### ആമുഖം

ഉച്ച ഭക്ഷണ പരിപാടി നല്ല രീതിയിൽ നടത്തി വരുന്നു ചോറിനോടൊപ്പം രണ്ടിന് തരം കറികൽ നൽകുന്നു. ആഴ്ചയിൽ രണ്ടു ദിവസം പാലും ഒരു ദിവസം മുട്ടയും കുട്ടികൾക്ക് നൽകുന്നു. ആഴ്ചയിൽ ഒരിക്കൽ ഇലക്കറിയും നൽകുന്നു. പാചകത്തിന് വിറകിനു പകരം ഗ്യാസ് അടുപ്പാണ് ഉപയോഗിക്കുന്നത് അടുക്കളയും,പരിസരവും,അനുബന്ധ ഉപകരണങ്ങളും വൃത്തിയായി സൂക്ഷിക്കുന്നു .

ഉച്ച ഭക്ഷണ പരിപാടി കൂടുതൽ കാര്യക്ഷമമാക്കാൻ ഭൗതിക സാഹചര്യം വികസിപ്പിക്കണം പ്രഭാത ഭക്ഷണം കൂടി കുട്ടികൾക്ക് നൽകുന്നത് അഭികാമ്യമാണ്

## ലക്ഷ്യം

സ്കൂൾ കുട്ടികൾക്ക് മികച്ച ശാരീരിക ആരോഗ്യം ഉണ്ടാകണം
പോഷകാഹാര കുറവ് മൂലമുള്ള രോഗങ്ങളിൽ നിന്ന് സംരക്ഷണം ഉറപ്പാക്കൽ
നല്ല ആരോഗ്യ ശീലങ്ങൾ വളർത്തുക

## പ്രവർത്തനങ്ങൾ

ആഴ്ചയിൽ അഞ്ചു ദിവസവുഎം വ്യത്യസ്തമായ ആഹാര വിഭവങ്ങൾ ഉൾപ്പെടുത്തണം
ഉച്ച ഭക്ഷണ കമ്മിറ്റിയിൽ ഓരോ മാസത്തേക്കും വേണ്ട ഭക്ഷണത്തിനുള്ള മെനു തയ്യാറാക്കി ആ ലിസ്റ്റ് പ്രകാരം ഓരോ ദിവസത്തെയും മെനു നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുക
വിഷാംശമില്ലത്ത പച്ചക്കറികൾ ലഭിക്കുന്നതിനായി സ്കൂളിൽ പച്ചക്കറിത്തോട്ടം ക്രമീകരിക്കുക
അടുക്കളയിൽ വരുന്ന പച്ചക്കറി അവശിഷ്ടങ്ങൾ ഉപയോഗിച്ച കമ്പോസ്റ്റ് സൗകര്യം ഏർപ്പെടുത്തണം ഏതു കൃഷിക്ക് ഉപയോഗിക്കാം
അടുക്കളയിലെ പാചകത്തിന് ശേഷമുണ്ടാകുന്ന  മലിന ജലം ഒഴുകിപ്പോകുന്നതിനു അനുയോജ്യമായ ഡ്രയിനേജ് സിസ്റ്റം നടപ്പിലാക്കുക
വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാൻ അനുയോജ്യമായ ഊട്ടുപുരയും ഇരിപ്പിടങ്ങളും സജ്ജീകരിക്കണം
പാചകപ്പുരയിലും ഊട്ടുപുരയിലും എല്ലാ അർത്ഥത്തിലും  ഗ്രീൻ പ്രോട്ടോകോൾ പാലിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക
ഉച്ചഭക്ഷണ പരിപാടിയിൽ പാചകത്തിനും വിതരണത്തിനുംരക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കുക

## നിർവ്വഹണ ചുമതല

ഉച്ചക്കഞ്ഞി ചുമതലയുള്ള ടീച്ചർ , പാചക തൊഴിലാളികൾ,കാർഷിക ക്ലബ് അംഗങ്ങൾ ,ശുചിത്വ ക്ലബ് അംഗങ്ങൾ
ധനകാര്യ വിശകലനം

- ➔ പാചകപ്പുര പുനർ നിർമ്മാണം –
- ➔ ഊട്ടുപുര ഇരിപ്പിടങ്ങൾ നിർമ്മാണം –
- ➔ ഡ്രയിനേജ് സിസ്റ്റം ഒരുക്കൽ –
- ➔ പാചക പാത്രങ്ങൾ –
- ➔ ഭക്ഷണ വിതരണത്തിനാവശ്യമായ കൂടുതൽ ഉപകരണങ്ങൾവ –
- ➔ കുടിവെള്ള സജ്ജീകരണം –

### മോണിറ്ററിങ്ങ്

ഹെഡ് മാസ്റ്റർ,പിടിഎ പ്രസിഡൻറ്,കൗൺസിലർ,പിടിഎ (SC),MPTA പ്രതിനിധികൾ.......

## നിർമ്മാണ പ്രവർത്തനങ്ങൾ

| മുഖ്യലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന ചുമതല | കാലയളവ് | ധനകാര്യ വിശകലനം |
|---|---|---|---|---|
| L.P section മുതൽ U.Psection ഉൾപ്പെടെയുള്ള ക്ലാസ്സുറൂമുകൾ നിലനിൽക്കുന്ന പഴയ കെട്ടിടത്തിന്റെ സ്ഥാനത്ത് , പഠനപ്രവർത്തിന് ഉചിതമായ 10 പുതിയ ക്ലാസ്സുമുറികൾ ഉൾപ്പെടുന്ന 3 നില കെട്ടിടം (ദീർഘകാല പദ്ധതി) | പഴയ കെട്ടിടം പൊളിച്ചുമാറ്റുക (ഗ്രൗണ്ടിനോട് ചേർന്ന സ്ഥലത്തുള്ള പഴയ കെട്ടിടം മാറ്റി U.P ക്ലാസ്സുകൾ പുതിയ കോൺക്രീറ്റ് കെട്ടിടത്തിലേക്ക് കൊണ്ടുവരുക) പുതിയ കെട്ടിടപ്പണി 6 മാസത്തിനുള്ളിൽ ആരംഭിക്കുക. സാമൂഹ്യപാഠം ലാബ്,ഗണിത ലാബ്, ടാലന്റ് ലാബ് എന്നിവ ഉൾപ്പെടുത്തുന്ന വിധം വിശാലമായ ക്ലാസ്സ് റൂമുകൾ ഉൾപ്പെടുത്തുക.എല്ലാ ക്ലാസ്സ് റൂമിലും, ഫാൻ, ICT ഉപകരണങ്ങൾ, ലൈറ്റ്,ഷെൽഫുകൾ,സൗണ്ട്,ബ്ലാക്ക് ബോർഡ് എന്നീ സംവിധാനങ്ങൾ വേണം. പഴയ അടുക്കളയോടു ചേർന്ന് ഡൈനിംഗ് ഹാൾ,സ്റ്റോർ റൂം എന്നിവ ഉണ്ടാക്കുക. | Corporation, MLA fund എന്നിവ ഉപയോഗം | 2 വർഷം | 80 ലക്ഷം+ 10 ലക്ഷം+ (Fittings & Furnishings) |

## നിർമ്മാണ പ്രവർത്തനങ്ങൾ – പദ്ധതി

| മുഖ്യലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന രീതി, ചുമതല | കാലയളവ് | ധനകാര്യ വിശകലനം |
|---|---|---|---|---|
| വിദ്യാലയ അന്തരീക്ഷം ശിശുസൗഹൃദമാക്കുക– കുട്ടികൾക്ക് കളിക്കാനും,മാനസിക വിനോദങ്ങൾക്കും സ്ഥലം ലഭ്യമാക്കണം | Childrens park നിർമ്മാണം, കളിക്കാനുള്ള സംവിധാനങ്ങൾ | ഇപ്പോഴുള്ള ഗ്രൗണ്ടിന്റെ വിസ്‌തൃതി കൂട്ടണം (പഴയ കെട്ടിടം പൊളിച്ചുമാറ്റുക) ഗ്രൗണ്ട് ശരിയാക്കി ബാസ്കറ്റ് ബോൾ കോർട്ട് ശരിയാക്കുക | 1 വർഷം | കോർപ്പറേഷൻ 4 ലക്ഷം |
| കുട്ടികൾക്ക് ഒഴിവ് സമയങ്ങളിൽ വായിച്ച് | പുസ്തകങ്ങൾ റാക്കിൽ ക്രമീകരിക്കുക ഫർണീച്ചർ ലഭ്യമാക്കുക | | 1 വർഷം | O.S.A, S.S.A |

| | | | | |
|---|---|---|---|---|
| അറിവുനേടാൻ ലൈബ്രറി നവീകരിക്കുന്നത് നന്നായിരിക്കും. | പഴയ മീറ്റിംഗ് ഹാൾ വായനശാലയാക്കി മാറ്റുക, ലൈബ്രറി | | | 1 ലക്ഷം |
| സാമൂഹ്യശാസ്ത്ര – ഗണിതശാസ്ത്ര ലാബുകൾ സജ്ജീകരണം കുട്ടികൾക്ക് പഠനം രസകരമാക്കാൻ കഴിയുന്നു | ലാബ് റൂമുകൾ കണ്ടെത്തൽ ലാബ് സജ്ജീകരിക്കുക ICT ഉപയോഗിക്കുവാൻ ലാപ്ടോപ്പ് സജ്ജീകരിക്കുക. | S.R.G Club convenors Maths Club കുട്ടികൾ | 6 മാസം | 15000 |
| കലാകായിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കഴിയുക | Indoor Stadium ഗ്രൗണ്ട് ശരിയാക്കൽ(ദീർഘകാല പദ്ധതി) | | 1 വർഷം | 5 ലക്ഷം |